ജി.എച്ച്.എസ്.എസ്.മങ്ങാട്

# തിരമൊഴി



സമൂഹത്തിന് പൊതുവിദ്യാലയങ്ങളോടുള്ള വിശ്വാസത്തിൽ വന്ന ഇടിവിന് കാരണമെന്തെന്ന് വസ്തുനിഷ്ഠമായി പരിശോധിച്ച് കാലത്തിന്റെ അനിവാര്യതകൾ കണ്ടറിഞ്ഞ് മുന്നേറാൻ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിലൂടെ നമുക്ക് കഴിഞ്ഞു.പൊതുവിദ്യാലയങ്ങളിലും ഇംഗ്ലീഷ് മീഡിയം ക്ലാസുകൾ ആരംഭിച്ചതോടെ പുത്തൻ ഉണർവ് കൈവന്നു.ക്ലാസ്മുറികളിൽ ആധുനിക സാങ്കേതിക ഉപകരണങ്ങൾ സ്ഥാപിച്ചതോടെ ക്ലാസ്മുറികളെല്ലാം ഹൈടെക്കായി.

ലിറ്റിൽ കൈറ്റ്സ് ക്ലബ് മാതൃഭാഷയ്ക്ക് അർഹിക്കുന്ന പ്രാധാന്യം നൽകിക്കൊണ്ട് മലയാളം ടൈപ്പിംഗ് കുട്ടികളെ പരിശീലിപ്പിച്ചു.അതിന്റെ ഫലമായി ഉടലെടുത്തതാണ് ഇ-മാഗസിൻ.

മുൻകാലങ്ങളിൽ സാക്ഷരതമാത്രമാണ് നേടേണ്ടിയിരുന്നതെങ്കിൽ ഇപ്പോൾ കമ്പ്യൂട്ടർ സാക്ഷരതയും നേടേണ്ടിയിരിക്കുന്നു.അതിനായി ക്ലബിന്റെ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ സഹായിക്കുമെന്ന് പ്രത്യാശിക്കുന്നു

എഡിറ്റർ

# ആശംസ



പ്രിയമുള്ള കുട്ടികളേ

ഇ-മാഗസിൻ പ്രകാശനഘട്ടത്തിലെത്തി നിൽക്കുന്ന ഈ അവസരത്തിൽ നിങ്ങൾക്ക് എന്റെ അഭിനന്ദനങ്ങൾ.

ലിറ്റിൽ കൈറ്റ്സിന്റെ ഒരുവർഷത്തെ പ്രവർത്തനത്തിന്റെ ഭാഗമായി കുട്ടികളുടെ രചനകൾ ഡിജിറ്റലാക്കി തയ്യാറാക്കിയ ഇ-മാഗസിൻ ഒരുതുടക്കമാക്കി ഇതുപോലുള്ളപ്രവർത്തനങ്ങൾ സാമൂഹ്യബോധവൽക്കരണത്തിലേക്കും മാനുഷിക നന്മയിലേയ്ക്കും നയിക്കാൻ സാധിക്കും എന്ന് പ്രത്യാശിക്കുന്നു.

ഷീബ . കെ

(ഹെഡ്മിസ്ട്രസ്)

# ആശംസ



വിദ്യാഭ്യാസ മേഖലയിലെ സുപ്രധാന കാൽവയ്പ്പായ ലിറ്റിൽകൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ ഒരു മാഗസിൻ പുറത്തിറക്കുന്നത് സന്തോഷകരമായ കാര്യമാണ്. കൊച്ചുകുട്ടികളുടെ സർഗ്ഗവാസനകൾക്ക് വെളിച്ചം നൽകുന്ന അറിവിന്റെ അക്ഷയഖനിക്ക് എല്ലാവിധ ആശംസകളും നേരുന്നു.

ഉഷാകുമാരി . എസ്
(പ്രിൻസിപ്പാൾ)

# ആശംസ



പൊതുവിദ്യാഭ്യാസ സംരക്ഷണത്തിലൂടെ ക്ലാസ് മുറികളിൽ ആധുനിക ഉപകരണങ്ങൾ സ്ഥാപിച്ചു "ഹൈടെക്കാക്കി" .100% സാക്ഷരത നേടിയ കേരളത്തിൽ ഇനി കമ്പ്യൂട്ടറിൽ 100%സാക്ഷരത നേടട്ടെ.ലിറ്റിൽ കൈറ്റ്സ് ക്ലബ് കുട്ടികളുടെ പ്രവർത്തനങ്ങൾ ഇ-മാഗസിൻ ആക്കി സമൂഹത്തിനും മനുഷ്യനന്മയ്ക്കും ഉപകരിക്കട്ടെ എന്ന് ആശംസിക്കുന്നു.

വിജയ ഫ്രാൻസിസ്
(ബഹു.ഡെപ്യൂട്ടി മേയർ)

# ആശംസ



മാതൃഭാഷയുടെ പ്രാധാന്യം മനസ്സിലാക്കികൊണ്ട് ലിറ്റിൽകൈറ്റ്സ് ക്ലബ്ബിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.ഇനിയും ഇതുപോലുള്ള പ്രവർത്തനങ്ങളുമായി പറന്നുയരാൻ ഇടയാകട്ടെ.

എ.ഡി.അനിൽകുമാർ
(പി.റ്റി.എ.പ്രസിഡന്റ്)

# ആശംസ



കുട്ടികളുടെ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട്

ലിറ്റിൽകൈറ്റ്സ് ക്ലബ്ബിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ

ഇ-മാഗസിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

മധുകുമാർ

എസ്.എം.സി.ചെയർമാൻ

## താളുകളിലൂടെ

സ്കൂൾ ശതാബ്ദിഗാനം....12
വിദ്യാലയചരിത്രം....13
കുട്ടിപ്പട്ടം [ലിറ്റിൽ കൈറ്റ്]....16
എന്റെ ചിത്രം....17
ലിറ്റിൽ കൈറ്റ്സ്....18
എന്റെ ചിത്രങ്ങൾ....21
ഞാനും നീയും....22
സുഹൃത്ത്....23
കാട്ടിലെ കച്ചവടം....24
പ്രളയക്കാഴ്ചകൾ....27
എന്റെ ചിത്രം....29
മലയാളം വിക്കിയിലേക്കുള്ള യാത്ര....30
ക്യാമറാ പരിശീലനം....32
എന്റെ ചിത്രം....34
പ്രളയം വന്നു വിഴുങ്ങിയ കേരളം....35
കേരളീയം....36
എന്റെ ചിത്രം....38
മഞ്ഞുതുള്ളി....39
നവകേരളം എൻെറ ഭാവനയിൽ....40
കുട്ടികളുടെ അവകാശങ്ങൾ....43
അമ്മ....46
കേരളഗാനം....48
മഴത്തുള്ളി....49
നവരാഗചിത്രം....50
അമ്മ....55
ചിത്രകലയുടെ വിസ്മയം....56
സ്റ്റുഡന്റ് പോലീസ് കേഡറ്റ്....67

# ചില സുവർണ്ണനിമിഷങ്ങൾ
















ഗവ: ഹയർ സെക്കന്ററി സ്കൂൾ മങ്ങാട്, കൊല്ലം.
ജൂൺ 26
വിമുക്തി
ലഹരി വിരുദ്ധ ദിനം
"ലഹരി ഉപേക്ഷിക്കൂ- നല്ല നാളേക്കു വേണ്ടി"









# തിരമൊഴി





















# "തിരമൊഴി"ക്ക് പിന്നിൽ

**സ്വാലിഹത്ത് എസ്**

**മുഹസീന എൻ**

**ആയിഷ എ**

**ഡോണ മാത്യു**

**ഫാത്തിമ എസ്**

**ബീമ എസ്**

**സനിക കെ**

**പാർവതി പ്രസന്നൻ**

**ജിനി ജോസഫ് ഗോൺസാൽവസ്**

**ഹിമ എസ് പ്രമോദ്**

**കൃഷ്ണ ജി എസ്**

**അന്ന സന്തോഷ്**

**കൃഷ്ണ സതീഷ് ജെ**

**റിയാസ് ഖാൻ എസ്**

**രഹാൻ എസ്**

**ആദർശ് എസ്**

**സൂര്യ നാരായണൻ**


**കാളിദാസ് എസ്**

കവർ പേജ്

**മുഹസീന എൻ**

**സ്വാലിഹത്ത് എസ്**

# സ്കൂൾ ശതാബ്ദിഗാനം


മങ്ങാടിൻ സായൂജ്യമീക്ഷേത്രം
മരതകപ്പൊൻകണി വയ്ക്കുന്ന നാടേ
സ്നേഹാക്ഷരങ്ങളായ് നിറയുന്നു നമ്മിൽ
ശതവർഷപ്പൊലിമതൻ സരസ്വതിക്ഷേത്രം

തീർത്ഥം പകർന്ന കുളിരേറ്റുവാങ്ങി
പാപമോക്ഷത്തിൽ ഗുരുവരുൾപ്പാടായി
അജ്ഞാനമാകുന്നൊരന്ധകാരത്തിലെ
ജ്യോതിർസ്ഫുലിംഗപ്രഭാപൂരമായി

ഒത്തുചേരുന്നു നമ്മളീമണ്ണിൽ
അകതാരിൽ നിറയുന്ന നിൻകടാക്ഷം
ഇനിയൊരു ശതകോടി വർഷമുണ്ടാകട്ടെ
നിന്നിലെ വറ്റാത്ത സ്നേഹവും പെരുമയും

രതീഷ്കുമാർ
എച്ച്.എസ്.എസ്.റ്റി.

# വിദ്യാലയചരിത്രം




ഇരുപതാം നൂറ്റാണ്ടിൻെറ ആരംഭകാലത്ത് (1913) പ്രകൃതിരമണീയമായ അഷ്ടമുടിക്കായലിൻെറ തീരത്തായി, വിദ്യാസത്തിനും സംസ്ക്കാരത്തിനം കേളികേട്ട മങ്ങാടിൻെറ തിലകക്കുറിയായി ആരംഭിച്ച പ്രൈമറി സ്കൂൾ 1961 ൽ ഹൈസ്കൂളായി ഉയർത്തപ്പെട്ടു. 1997-ൽ "ഗവൺമെൻറ് ഹയർ സെക്കന്ററി സ്കൂൾ മങ്ങാട് "എന്ന പൊൻലിപികളാൽ കുറിയ്ക്കപ്പെട്ടു.

അഷ്ടമുടിക്കായലിന്റെ സൗന്ദര്യസമ്പത്ത് ഏറ്റുവാങ്ങി പരിലസിക്കുന്ന മങ്ങാട് ഗവ: ഹയർ സെക്കന്ററി സ്കൂൾ കൊല്ലം ജില്ലയിൽ കൊല്ലം താലൂക്കിൽ (കൊല്ലം - കൊട്ടാരക്കര റൂട്ടിൽ ) പാലക്കടവിൽ നിന്ന് കണ്ടച്ചിറയിലേക്ക് പോകുന്ന വഴിയിൽ മങ്ങാട് ഭാഗത്തായാണ് സ്ഥിതിചെയ്യുന്നത്.സമീപ പ്രദേശങ്ങളിൽ നിന്നും ധാരാളം കുട്ടികൾ പഠനത്തിനായി ഇവിടെ എത്തിയിരുന്നു.1962-ൽ ആദ്യത്തെ എസ്.എസ്.എൽ.സി ബാച്ച് പരീക്ഷഎഴുതി. ശ്രീ.കരുണാകരൻസാറായിരുന്നു അന്നത്തെ

ഹെഡ്മാസ്റ്റർ.ശ്രീ.അബ്ദുൾ അസീസ്സർ,ശ്രീ.ഭാസ്കരൻസാർ,ശ്രീ.സുധാകരൻസാർ, ശ്രീ.സെയ്നുലബ്ദീൻസർ,ശ്രീമതി.സാവിത്രിടീച്ചർ, ശ്രീമതി.ശാന്തദേവിടീച്ചർ,ശ്രീമതിശ്രീദേവിടീച്ചർ, ശ്രീ.സുഭാഷ്സാർ,ശ്രീഗംഗാധരൻപിള്ളസർ,ശ്രീമതി സുശീലടീച്ചർ,ശ്രീമതിറംലാബീവിടീച്ചർ, ശ്രീമതി.ശ്യാമളകുമാരിടീച്ചർ,ശ്രീമതി.സുഷമ്മടീച്ചർ,ശ്രീ. സേതുരാജൻസാർ,ശ്രീമതി.രതീദേവിടീച്ചർ,ശ്രീമതി. രാധാഭായി ടീച്ചർ, തുടങ്ങി നിരവധി പ്രഥമാദ്ധ്യാപകർ ഇവിടെ സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഇന്ന് ശ്രീമതി. കെ.ഷീബ ടീച്ചറിൻെറ നേതൃത്വപാടവത്തിൽ പുരോഗതിയുടെ എല്ലാ മേഖലയിലും സ്കൂൾ മുന്നേറുകയാണ്.



സമഗ്രവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സംസ്ഥാന ഗവൺമെന്റ് 3 കോടിരൂപ അനുവദിച്ചിരുന്നു. അതിൻ പ്രകാരമുള്ള ഹൈ-ടെക് കെട്ടിടത്തിന്റെ പണി നടന്നുകൊണ്ടിരിക്കുകയാണ്. ഈ അധ്യയന വർഷത്തിൽ അത് പൂർത്തിയാകുന്നതാണ്. 2018 ജൂൺമാസത്തിൽ ഹൈസ്കൂൾ വിഭാഗം 6 ക്ലാസ്മുറികൾ

ഹൈ-ടെക് ആക്കിയിരുന്നു. വിദ്യാർഥികൾക്ക് അക്കാദമികമായ സമസ്തമേഖലകളും മനസിലാക്കുവാനും അതോടൊപ്പം പഠനനേട്ടങ്ങൾ ഉൾക്കൊള്ളാനും ഇതുമൂലം സാധിക്കുന്നുണ്ട്. ആയതിനാൽ നല്ല ഒരു പഠനാന്തരീക്ഷം സൃഷ്ടിക്കുവാനും കഴിഞ്ഞു.

കൊല്ലം ബൈപ്പാസിന്റെസമീപത്താണ് ഇപ്പോൾ സ്കൂൾസ്ഥിതിചെയ്യുന്നത്.

കോമളവല്ലി.എസ്
എച്ച്.എസ്.റ്റി



# കുട്ടിപ്പട്ടം [ലിറ്റിൽ കൈറ്റ്]

ഉയരും ഉയരും വാനിലാകെ,
നിറയും നിറയും ഈ കുട്ടിപ്പട്ടം.
വരുംതലമുറയ്ക്ക് വഴികാട്ടിയായി,
പടരും പടരും ഈ കുട്ടിപ്പട്ടം.
ഉണർന്നുയർന്ന് ലക്ഷ്യത്തിലെത്താനായ്,
പൊങ്ങിപൊങ്ങി പോകും ഈ കുട്ടിപ്പട്ടം.
അറിവിൻ വിശാല വാനിലൂടെ,
കുട്ടികളെനയിക്കുമീ കുട്ടിപ്പട്ടം.
എത്രപറന്നാലും മതിവരില്ലീകുട്ടിപ്പട്ടം.
പക്ഷേ പട്ടംപറത്തുന്ന കൈകളിൽ
മനുഷ്യത്വം കാത്തിടേണേ!മക്കളേ!

സജീന ടീച്ചർ
യു.പി.എസ്.റ്റി



# എന്റെ ചിത്രം






സ്വാലിഹത്ത് .എസ്

ക്ലാസ് 9 എ

# ലിറ്റിൽ കൈറ്റ്സ്

ഹൈടെക് പദ്ധതിയിലൂടെ കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ നടപ്പിലാക്കിയ കുട്ടികളുടെ ഐ.ടി.കൂട്ടായ്മയാണ് ലിറ്റിൽ കൈറ്റ്സ്.ഞങ്ങളുടെ സ്കൂളിലും ലിറ്റിൽ കൈറ്റ്സ് ക്ലബിന്റെ പ്രവർത്തനങ്ങൾ സജീവമായി നടന്നുവരികയാണ്.

20 കുട്ടികളാണ് ഈ ക്ലബിൽ അംഗങ്ങളായിട്ടുള്ളത്.എല്ലാ ബുധനാഴ്ചകളിലുംവൈകുന്നേരം ഒരുമണിക്കൂറാണ് പ്രധാനപരിശീലനപരിപാടി..ഗവ.ഹയർസെക്കന്ററിസ്കൂളിൽ വച്ച് നടന്ന പ്രിലിമിനറി ക്യാമ്പിൽ രാജുസർ ലിറ്റിൽകൈറ്റ്സ് ക്ലബിനെകുറിച്ചും ഹൈടെക് ക്ലാസുകളെകുറിച്ചും പ്രോഗ്രാമിങിനെ കുറിച്ചും വളരെ രസകരമായി പരിചയപ്പെടുത്തി.



സകുൾതലപ്രവർത്തനങ്ങളിലെ ആദ്യആഴ്ചകളിൽ ആനിമേഷൻമേഖലയിൽ താത്പര്യം ജനിപ്പിക്കുന്നതിന് ഉതകുന്ന പ്രവർത്തനങ്ങളാണ് നടന്നത്.ജിമ്പ്,ഇങ്ക്സ്കേപ്പ്,എന്നീ സോഫ്റ്റ്വെയറുകൾ ഉപയോഗിച്ച് പശ്ചാത്തലചിത്രങ്ങളും കഥാപാത്രങ്ങളും തയ്യാറാക്കാനും റ്റുപി റ്റൂബ് ഡെസ്ക് എന്ന സോഫ്റ്റ്വെയർ ഉപയോഗിച്ച് ആനിമേഷൻ തയ്യാറാക്കാനും പരിശീലിച്ചു.

ഇ-മാഗസിൻ നിർമ്മിക്കുക എന്ന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് മലയാളം ടൈപ്പിങിൽ പ്രാഗല്ഭ്യം

നേടുന്നതിനുള്ള പ്രവർത്തനങ്ങളാണ് പിന്നിട് പരിശീലിച്ചത്.വിവിധതരം ഫോണ്ടുകൾ,എൻകോഡിങ് രിതി,ഇൻസ്ക്രിപ്റ്റ് കീബോർഡ്,വോയ്സ്നോറ്റ്പാഡ്,എന്നിവ പരിചയപ്പെടുന്നതിനും ഒരു നല്ല ഇ-മാഗസിൻ നിർമ്മിക്കുന്നതിനും കുട്ടികളെ സജ്ജരാക്കുന്നതിനും ഈ പ്രവർത്തനങ്ങളിലൂടെ സാധിച്ചു.

ഇന്റർനെറ്റിനെ സംബന്ധിക്കുന്ന അടിസ്ഥാന ആശയങ്ങൾ പരിചയപ്പെടുന്നതിനും സെർച്ച് എൻജിനുകൾ ഉപയോഗിച്ച് കൃത്യമായ വിവരങ്ങൾ കണ്ടെത്തുന്നതിനും ഇന്റർനെറ്റ് എന്ന ഭാഗത്തിലൂടെ സാധിച്ചു.കൂടാതെ ഇന്റർനെറ്റിന്റെ ഫലപ്രദമായ ഉപയോഗം മനസ്സിലാക്കുന്നതിനും സൈബർസുരക്ഷയെക്കുറിച്ച് ധാരണ ലഭിക്കുന്നതിനും ഉള്ള പരിശീലനം കുട്ടികൾക്ക് ലഭിച്ചു.

കുട്ടികളിൽ പ്രോഗ്രാമിങ് അഭിരുചി വളർത്തുന്നതിന് സഹായകരമായ ഭാഗമായിരുന്നു .സ്ക്രാച്ച്.ഗണിതക്രിയകൾ ചെയ്യുന്നതോടൊപ്പം ആനിമേഷൻ കഥകൾനിർമ്മിച്ചതും,പുതിയ ഒരു കമ്പ്യൂട്ടർ ഗയിം തയ്യാറാക്കിയതും കുട്ടികളിൽ ഏറെ കൗതുകമുണർത്തി.



കുട്ടികളിൽ ഏറെ കൗതുകമുണർത്തിയ മറ്റൊരു പ്രവർത്തനമായിരുന്നു മൊബൈൽആപ്പ് നിർമ്മാണം.എം.ഐ.റ്റി.ആപ് ഇൻവെന്റർ എന്ന

സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ആപ്പിന്റെ ഡിസൈനിങ്ങും പ്രവർത്തനത്തിന്റെ കോഡിങ്ങും തയ്യാറാക്കി.മൊബൈൽ ഷെയ്ക്ക് ചെയ്യുമ്പോൾ സംഗീതം കേൾക്കുന്ന ആപ്,ഗണിതക്രിയകൾ ചെയ്യുന്നതിന് സഹായകരമായ കാൽക്കുലേറ്റർ ആപ്,വിവിധ നിറങ്ങൾ ഉപയോഗിച്ച് ചിത്രം വരയ്ക്കുന്നതിന് സഹായകരമായ ആപ് എന്നിവയാണ് കുട്ടികൾ നിർമ്മിച്ചത്.

ബുധനാഴ്ചയുള്ള ക്ലാസ്സ് കൂടാതെ ശ്രീ രാജുസർ നയിച്ച വിദഗ്ധരുടെ ക്ലാസ്സിൽ ജിമ്പ്,ഇങ്ക്സ്കേപ്പ് എന്നിവ ഉപയോഗിച്ച് ചിത്രങ്ങൾ വരയ്ക്കാൻ കുട്ടികൾ പരിശീലിച്ചു.




ഓഗസ്റ്റ് മാസം നടന്ന സ്കൂൾതല ക്യാമ്പിൽ ഓപ്പൺഷോട്ട് വീഡിയോ എഡിറ്റർ,ഒഡാസിറ്റി എന്നീ സോഫ്റ്റ്‌വെയറുകൾ ഉപയോഗിച്ച് വീഡിയോ ഓഡിയോ എഡിറ്റിങ്ങ് നടത്തുന്നതിനെ കുറിച്ച് കുട്ടികൾ പരിശീലിച്ചു.ഈ ക്യാമ്പിൽ നിന്ന് തെരെഞ്ഞെടുത്ത ആറ് കുട്ടികൾക്ക് സബ്ജില്ലാക്യാമ്പിൽ പങ്കെടുക്കാൻ സാധിച്ചു. പൈത്തൺപ്രോഗ്രാമിങ്ങ് ,റോബോട്ടിക്സ്,ഇലക്ട്രോണിക്സ് എന്നീ മേഖലകളും ഇനിയുള്ള ദിവസങ്ങളിലെ പരിശീലനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.






ഫാത്തിമ എസ്

ഡോണ മാത്യു

# എന്റെ ചിത്രങ്ങൾ










യദുകൃഷ്ണൻ

ക്ലാസ് 9 ബി

# ഞാനും നീയും



തൈമാവിൻ തണലിൽ മണ്ണപ്പം

ചുട്ട് കളിച്ചൊരു കാലം.

കളി പറഞ്ഞു നാം ബാല്യം

പൂവണിയിച്ചില്ലേ!

സൗഹൃദം എന്നതോണിയിൽ

കയറി ജീവിതത്തിൻെറ മാധുര്യം

നാം നുണഞ്ഞില്ലേ!

അടച്ചിട്ട കൂട്ടിലെ കിളിയെപ്പോലുള്ള

ജീവിതത്തെ കീറിമുറിച്ച്

നാം പാറിപ്പറന്നില്ലേ.

എല്ലാം പങ്കുവച്ച്

നാം സൗഹൃദത്തിന്

അർഥം കണ്ടെത്തി.



ആയിഷ എ

ക്ലാസ് 9 എ

# സുഹൃത്ത്



അന്നാദ്യമായി ഞാൻ,

പള്ളിക്കുടത്തിൻ പടിക്കൽ നിന്നപ്പോൾ

എൻ കരം പിടിച്ചു കയറ്റിയെൻ

സുഹൃത്ത്.

എൻ മനസ്സു കവർന്ന

ശലഭമായിയെൻ സുഹൃത്ത്.

അറിവിൻെറ നീല വിഹായസ്സിൽ ഏറുവാൻ

എന്നെ പ്രാപ്തനാക്കിയെൻ സുഹൃത്ത്.

മനസ്സിൻ നോവുകൾ പങ്കുവെച്ചൊരാൾ

എൻ സുഹൃത്ത്.

എൻ പ്രതിസന്ധികളിൽ താങ്ങായി-

ന്നിന്നൊരാൾ എൻ സുഹൃത്ത്.

പതിയെ എൻ കരളിൻ നേർത്ത

സ്നേഹമായ് മാറിയെൻ സുഹൃത്ത്.



താജീ.നിസാർ

ക്ലാസ് 6 എ

# കാട്ടിലെ കച്ചവടം

ചെന്നായയും കൊക്കും കൂടി കാട്ടിൽ ഒരു കട തുടങ്ങി. നല്ല കച്ചവടം ഉണ്ടായിരുന്നു.ചില പതിവുകാർ സാധനങ്ങൾ കടമായി വാങ്ങി,അതിന്റെ കണക്ക് പറ്റ്പുസ്തകത്തിൽ എഴുതി.



കാലം കടന്നുപോയി.തണുപ്പ്കാലം വന്നു.കൊക്കിന് തണുപ്പ് സഹിക്കാൻ കഴിഞ്ഞില്ല. കൊക്ക് പറഞ്ഞു, "എനിക്ക് ഈ തണുപ്പത്ത് തുടരാൻ വയ്യ. ഞാൻ നാടുവിട്ട് പോകുകയാണ്. പണപ്പെട്ടി തുറന്ന് നമുക്ക് പങ്കുവെയ്ക്കാം. ഇത് കേട്ട് ചെന്നായ പറഞ്ഞു,"ചങ്ങാതി നീ പിരിഞ്ഞു പോകുന്നതിൽ എനിക്ക് സങ്കടമുണ്ട് . പക്ഷേ നിൻെറ ആരോഗ്യം നോക്കാതെ വയ്യല്ലോ.പണം പങ്കുവച്ചാൽ ഒന്നിനും തികയില്ല.അത് മുഴുവൻ നീ എടുത്തോളൂ."

" അപ്പോൾ നിനക്കോ"കൊക്കു ചോദിച്ചു.

" കടയിലെ സാധനങ്ങൾ ഉണ്ടല്ലോ.പിന്നെ



പറ്റ്പുസ്തകത്തിലെ കടക്കാരെ കണ്ട് ഞാൻ പണം പിരിച്ചെടുത്തോളാം." ചെന്നായ പറഞ്ഞു.ഇരുവരും പിരിഞ്ഞു.കൊക്ക് രണം സഞ്ചിയിലാക്കി കഴുത്തിൽ തൂക്കി പറന്നുപോയി.

കുറേ ദൂരം പോയപ്പോൾ കൊക്ക് ക്ഷീണിച്ചു.ദാഹം

തോന്നി.അപ്പോൾ കൊക്ക് താഴെ ഒരു കുളം കണ്ടു.കൊക്ക് പറന്ന് താഴെ വന്നു.തവളകളെല്ലാം കൊക്കിനെ കണ്ട് പേടിച്ച് കുളത്തിൽ ഒളിച്ചിരുന്നു.കൊക്ക് കുളത്തിൽ വെള്ളം കുടിക്കാൻ ഒരുങ്ങിയതും പണസഞ്ചി കുളത്തിൽ വീണു.എത്ര തിരഞ്ഞിട്ടും കിട്ടിയില്ല.തവളകൾ ഒളിപ്പിച്ചതാണ് എന്നവൾ വിശ്വസിച്ചു.പണസഞ്ചി അഹങ്കാരിയായ കുഞ്ഞിത്തവളയുടെ കൈയ്യിൽ കിട്ടി.കൊക്ക് എത്ര ചോദിച്ചിട്ടും ആരും ഒന്നും മിണ്ടിയില്ല.ഇതുകണ്ട കുഞ്ഞിയുടെ മുത്തശ്ശി അവളോട് പണസഞ്ചി തിരികെ കൊടുക്കാൻ പറഞ്ഞു.പക്ഷെ അവൾ അതിന് തയ്യാറായില്ല. അവൾ ആരു പറഞ്ഞാലും അനുസരിക്കില്ലായിരുന്നു.

കൊക്ക് വളരെ ദുഃഖത്തിലായി.തന്റെ സങ്കടം പറയാൻ പോലും ആരുമില്ല.അങ്ങനെ അവൾ തണുപ്പ് മാറുന്നതുവരെ തന്റെ ദുഃഖം മനസ്സിലൊതുക്കി ആ കുളത്തിനടുത്തുള്ള മരത്തിൽ കഴിഞ്ഞു.



അങ്ങനെ തണുപ്പ്കാലം കഴിഞ്ഞു.കൊക്ക് ചെന്നായയുടെ അടുത്തേക്ക് തിരികെ പോയി.രണ്ടുപേർക്കും വളരെ സന്തോഷമായി.കൊക്ക് ഉണ്ടായ സംഭവങ്ങൾ ചെന്നായയോട് പറഞ്ഞു.അപ്പോൾ ചെന്നായ പറഞ്ഞു," സാരമില്ല പോയ പണം പോട്ടെ,നമ്മുക്ക് പണം തരാനുള്ളവരുടെ കൈയ്യിൽ നിന്ന് പണം വാങ്ങി വീണ്ടും കച്ചവടം തുടങ്ങാം."

അങ്ങനെ അവർ ഇരുവരും പണം പിരിക്കാൻ ഇറങ്ങി.കടം

വാങ്ങിയവരിൽ ഏറെയും ആടുകളായിരുന്നു.കുറച്ച് മുയലുകളും ചില മാനുകളും ഇക്കൂട്ടത്തിൽ ഉണ്ടായിരുന്നു.അവർ എല്ലാവരും ഓരോ കള്ളത്തരങ്ങൾ പറഞ്ഞ് ഒഴിഞ്ഞു.കടം വാങ്ങിയതിന് എന്തെങ്കിലും തെളിവുണ്ടോ എന്നായിരുന്നു അവർ ചോദിച്ചത്.അപ്പോഴാണ് ചിട്ടുകുരങ്ങൻ അതുവഴി വന്നത്.ചിട്ടു പറഞ്ഞു," അവരെല്ലാം വന്ന് കടം വാങ്ങുന്നത് ഞാൻ കണ്ടിട്ടുണ്ട്.പലതവണ.എല്ലാവരുംകൂടി ഈ പാവങ്ങളെ പറ്റിക്കാൻ നോക്കുകയാണോ.വേണ്ട,വേണ്ട,മര്യാദയ്ക്ക് പണം തിരികെ കൊടുക്ക്." അങ്ങനെ നാണംകെട്ട് അവർ പണം തിരികെ കൊടുത്തു.ചെന്നായയും കൊക്കും കുരങ്ങന് നന്ദി പറഞ്ഞു.അവർക്ക് വളരെയധികം സന്തോഷമായി.അവർ പിന്നീട് ഒരിക്കലും ആർക്കും പണം കടം കൊടുത്തിട്ടില്ല.വളരെക്കാലം കച്ചവടം നടത്തി സന്തോഷത്തോടെ ഒന്നിച്ചു കഴിഞ്ഞു.



അർപിത ബാലു

ക്ലാസ് 6 എ

# പ്രളയക്കാഴ്ചകൾ

കേരളം ഒട്ടാകെ നേരിട്ടൊരു ദുരന്തം ആയിരുന്നു ഈക്കാലത്തെ പ്രളയം .



എന്നിട്ടും ഈ കേരളത്തെ ഒഴുക്കി വിടാതെ ജനങ്ങൾ ഉയർത്തിപ്പിടിച്ചു. ഒഴുകുന്ന കേരളത്തോടൊപ്പം ജനങ്ങളും ഒഴുകിയെങ്കിലും കേരളത്തിലെ ജില്ലകളായ കൊല്ലം , തിരുവനന്തപുരം എന്നി ജില്ലകൾ ബാക്കി പന്ത്രണ്ട് ജില്ലകളേയും പിൻതാങ്ങി .




ജാതിമതഭേദത്താൽ ജീവിച്ചിരുന്നവർ പോലും ഒരു നേരത്തെ അന്നത്തിന് വേണ്ടി കൈ നീട്ടി . കൊല്ലം തിരുവനന്തപുരം ജില്ലകളിലെ മത്സ്യത്തൊഴിലാളികളായിരുന്നു വീട്ടിൽ അകപ്പെട്ടവരെ രക്ഷിച്ചത് . പ്രളയത്തിന്റെ വരവിന് ശേഷം കേരളത്തിൽ കണ്ടമാറ്റം ഒരുപാടായിരുന്നു. വീടിന്റെ ഗതിയെന്തന്നറിയാൻ പോകുന്നവർ (മഴ ശമിച്ചതിനു ശേഷം) കുഴഞ്ഞുവീണ് മരിക്കുകയാണ് ചെയ്തത് . കാരണം അവരുടെ വീടിൻെ അവസ്ഥ ഇതായിപ്പോയി .പമ്പയും പെരിയാറും മറ്റ് പുഴകളും കരകവിഞ്ഞൊഴുകിയിട്ടും ജനങ്ങൾ വെള്ളത്തിലായിട്ടും

പ്രകൃതിക്ക് കോപം അടങ്ങിയില്ല .വെള്ളപ്പൊക്കത്തിൽ ഏറെക്കുറേപ്പേർ മരിച്ചു. വീടുകളിൽ പാമ്പ് കയറി ഇരിപ്പുണ്ടായിരുന്നു. ചെളി മുടിക്കിടക്കുന്ന വീടുകൾ ഏറെക്കുറെയുണ്ടായിരുന്നു.എൻെറ ഭാവനയിൽ കേരളം ആദ്യമായിട്ടായിരുന്നു ഈ പ്രളയം കൈക്കൊണ്ടത്. ദുരിതാശ്വാസ ക്യാമ്പിൽ കഴിയുന്ന ഏറെക്കുറേപ്പേർ ഉണ്ടായിരുന്നു. കേരളത്തെ പിൻതാങ്ങുവാൻ വേണ്ടി വെളിരാജ്യങ്ങൾ എത്തിയിരുനിന്നു. നമ്മുടെ കേരളം കാണുവാൻ വന്ന പുറം രാജ്യക്കാർ കൈ നീട്ടി മാടിവിളിച്ചത് പ്രളയത്തേയാണ് . ദുരിതാശ്വാസക്യാമ്പിലെ ജനങ്ങൾക്ക് ഉടുതുണിക്ക് മറുതുണി പോലും ഇല്ലാതെ നട്ടം തിരിഞ്ഞു. ഇനി നമ്മുടെ കേരളത്തെ കരകയറ്റാൻ നമുക്ക് മുന്നിട്ടിറങ്ങാം . കേരളത്തിലെ ജനങ്ങളെ രക്ഷിച്ച മത്സ്യത്തൊഴിലാളികളോട് തീർത്താത്തീരാത്ത നന്ദിയുംകടപ്പാടുമുണ്ട്. പ്രളയത്തിൽ ഫണ്ടുകൾ ശേഖരിച്ചവർക്കും സാധനങ്ങൾ എത്തിച്ചവർക്കും നന്ദിയും കടപ്പാടും ഈ അവസരത്തിൽ അറിയിക്കുന്നു. പുതിയ കേരളത്തെ രൂപപ്പെടുത്താൻ നമുക്കും പങ്കുചേരാം.



ഗീതു.ഡി

ക്ലാസ് 7 ബി

# എന്റെ ചിത്രം






**ലക്ഷ്മി ബി കെ**

**ക്ലാസ് 8 സി**

വിക്കിപീഡിയ
സ്വതന്ത്ര വിജ്ഞാനകോശം

# മലയാളം വിക്കിയിലേക്കുള്ള യാത്ര




**ലിറ്റിൽ കൈറ്റ്സിൻെറ ഭാഗമായി ജില്ലാതലത്തിൽ മലയാളം വിക്കിപീഡിയ പരിശീലനപരിപാടിയിൽ മങ്ങാട് സ്കൂളിൽ നിന്നും തെരഞ്ഞെടുത്തത് ഞങ്ങളെയായിരുന്നു. ഗവ.ബോയ്സ്.എച്ച്.എസ്.എസ്. സ്കൂളിൽ വെച്ചായിരുന്നു ക്ലാസ്സ് നടന്നത്. വിക്കിപീഡിയപ്രവർത്തകരായ വിശ്വപ്രഭ സർ,രഞ്ജിത്ത്സിബി സർ,കണ്ണൻ സാർ എന്നിവരുടെ നേതൃ ത്വത്തിലായിരുന്നു ക്ലാസ്സ്. ഈ ക്ലാസ്സിൽ നിന്ന് വിക്കിപീഡിയെന്തെന്നും അതിൻെറ ഉപയോഗവും മനസ്സിലാക്കി. വിക്കിപിഡിയയിൽ പ്രവേശിക്കുന്നത് മുതൽ അത് ലോഗ്ഔട്ട് ചെയ്യുന്നത് വരെയുള്ള കാര്യങ്ങൾ നന്നായി പഠിപ്പിച്ചുതന്നു.**

**ക്ലാസ്സിനെത്തിയ കുട്ടികൾ ചേർന്ന് അമ്പതോളം മലയാളം ലേഖനങ്ങൾ വിക്കിപീഡിയയിൽ കൂട്ടിച്ചേർത്തു. അങ്ങനെ മലയാള വിക്കിപീഡിയ 60,000 ലേഖനങ്ങൾ പൂർത്തീകരിച്ചു.വിക്കിപീഡിയയിലെ രഞ്ജിത്ത്സിബി സാറിൻെറ പിറന്നാൾ ആ ദിവസം തന്നെയായിരുന്നു. അങ്ങനെ സന്തോഷം ഇരട്ടിയായി.അദ്ദേഹം കേക്ക് മുറിച്ച് ഞങ്ങൾക്ക് സന്തോഷത്തോടെ വിതരണം ചെയ്തു.ആ**

## ക്ലാസ്സിൽ പഠിപ്പിച്ച കാര്യങ്ങൾ ഞങ്ങൾക്ക് മറ്റ് കുട്ടികൾക്കും പഠിപ്പിച്ച് കൊടുക്കാൻ സാധിച്ചു.




**മുഹസിന, ആയിഷ**
**ക്ലാസ് 9 എ**




# ക്യാമറാ പരിശീലനം



ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായ വിദ്യാർത്ഥികൾക്ക് ഗവ: എസ്. എൻ. ഡി. പി. യു.പി. സ്കൂളിൽ കണ്ണൻ സാറിന്റെ നേതൃത്വത്തിൽ നടന്ന ക്യാമറാ പരിശീലനത്തിൽ പല സ്കൂളുകളിൽ നിന്നും  വിദ്യാർത്ഥികൾ പങ്കെടുത്തു. ക്യാമറ കൊണ്ടുള്ള ഉപയോഗവും ക്യാമറ എങ്ങനെയൊക്കെ സൂക്ഷിക്കാമെന്നും വീഡിയോ



എടുക്കാനും ഫോട്ടോ എടുക്കാനും പഠിപ്പിച്ചു. ഈ ക്യാമ്പിന്റെ മുഖ്യ ലക്ഷ്യം എങ്ങനെ ഒരു പത്രവാർത്ത നമുക്ക്

തയ്യാറാക്കാം എന്നതായിരുന്നു. ആദ്യ

ദിവസം തന്നെ ക്യാമറ പരി

ചയപ്പെട്ടു. അത് ഉപയോഗിക്കാൻ പഠിച്ചു. ക്യാമറ ഉപയോഗിച്ചു ഫോട്ടോയും, വീഡിയോയും ഒക്കെയെടുപ്പിച്ചു.പത്രവാർത്തക്കായി ഞങ്ങൾക്ക് തന്ന

**വിഷയം പട്ടത്താനം സ്കൂളിൽ നടന്നുകൊണ്ടിരുന്ന എൻ.എസ്.**
**എസ് ക്യാമ്പിനെ കുറിച്ചായിരുന്നു. രണ്ടാമത്തെ ദിവസം അത് ഒരു പത്രവാർത്തത്തയ്യാറാക്കാൻ  രാജുസാറിന്റെ നേതൃത്വത്തിൽ 'കേഡൻ ലൈവ്'എന്ന സോഫ്റ്റ് വെയറും 'ഒഡാസിറ്റി'യെന്ന സോഫ്റ്റ് വെയറുംഞങ്ങൾക്ക് പരിചയപ്പെടുത്തി. ഞങ്ങൾ അങ്ങനെ ഒരു പത്രവാർത്ത തയ്യാറാക്കി. ആ ക്യാമ്പിൽ പ്രദർശിപ്പിക്കുകയും ചെയ്തു.അങ്ങനെ ക്യാമ്പ് വളരെ ഗുണകരമായും,രസകരമായും അവസാനിച്ചു.ആ ക്യാമ്പ് മറക്കാൻ പറ്റാത്ത ഒരു അനുഭവമായിരുന്നു.**

സ്വാലിഹത്ത്  എസ്



ബീമഎസ്

ക്ലാസ്  9 എ

# എന്റെ ചിത്രം






**അലിൻ ക്ലിഫോർഡ്**

**ക്ലാസ് 6 എ**

# പ്രളയം വിഴുങ്ങിയ കേരളം



കേരളം,പ്രളയം വിഴുങ്ങിയ കേരളം

വീടുപോയ് നാടു പോയ്

എന്റെ കേരളം വെള്ളത്തിലായി

എന്റെ നാടിനെ തകർത്ത പ്രളയം.

തകർന്നു പോയി എന്റെ കേരളം

എന്റെ നാടിന്റെ പുഴകളെല്ലാം മലിനമാക്കി

എങ്കിലും ഞങ്ങളുണർന്നു

ഒത്തൊരുമയോടെകൈകോർത്തു



അനന്ദു.എസ്

ക്ലാസ് 7 ബി

# കേരളീയം



മരതകപ്പട്ടുടുത്ത മലയാളനാട് 1956 നവംബർ 1-ന് രൂപം കൊണ്ടു.അന്ന് കേവലം അഞ്ച്ജില്ലകളാണുണ്ടായിരുന്നത്.അവ തിരുവനന്തപുരം, കൊല്ലം,കോട്ടയം,തൃശ്ശൂർ,മലബാർ എന്നിവയായിരുന്നു.1957 ജനുവരി ഒന്നാം തീയതി മലബാർ ജില്ല വിഭജിച്ച് പാലക്കാട്,കോഴിക്കോട്,കണ്ണൂർ എന്നി മൂന്ന് ജില്ലകളാക്കി.1957 ഓഗസ്റ്റ് 17 ന് കോട്ടയം,കൊല്ലം എന്നീ ജില്ലകളിൽ നിന്നും ചില പ്രദേശങ്ങളെ ഉൾപ്പെടുത്തി ആലപ്പുഴ ജില്ല രൂപീകരിച്ചു.തൃശ്ശൂർ,കോട്ടയം ജില്ലകളെ വിഭജിച്ച് 1958 ഏപ്രിൽ ഒന്നിന് എറണാകുളം ജില്ലരൂപീകരിച്ചു.1969 ജൂൺ 16 ന് കോഴിക്കോട്, പാലക്കാട് ജില്ലകളിലെ പ്രദേശങ്ങൾ കൂട്ടിച്ചേർത്ത് മലപ്പുറം ജില്ലയിക്ക് രൂപം നൽകി.എറണാകുളം,കോട്ടയം ജില്ലകൾ വിഭജിച്ചാണ് 1972 ജനുവരി 26 ന് ഇടുക്കി ജില്ലയ്ക്ക്

രൂപം നൽകിയത്.1980 നവംബർ ഒന്നിന്

കോഴിക്കോട്,കണ്ണൂർ ജില്ലകളുടെ ഭാഗങ്ങളുൾപ്പെടുത്തി

വയനാട് ജില്ലയും 1982 നവംബർഒന്നിന്

കൊല്ലം,ആലപ്പുഴ,ഇടുക്കി ജില്ലകളിൽ നിന്നുള്ള

പ്രദേശങ്ങളുൾപ്പെടുത്തി പത്തനംതിട്ട ജില്ലയും

രൂപീകരിച്ചു.ഏറ്റവും അവസാനം കണ്ണൂർ ജില്ലയെ വിഭജിച്ച്

കേരളത്തിലെ 14-മത്തെ ജില്ലയായി 1984 മേയ്24 ന്

കാസർകോട് ജില്ലയുടെ രൂപീകരിച്ചു.



അപർണ എ എസ്
ക്ലാസ് 8 ബി

# എന്റെ ചിത്രം






സ്വാലിഹ എൻ
ക്ലാസ് 8 സി

# മഞ്ഞുതുള്ളി



ഒരു പൊൻപുലരിയിൽ
പതിയെ വിരിഞ്ഞിടുന്നൊരു
മഞ്ഞറോസാദളങ്ങളിൽ
ചേർന്നിരുന്നു ഞാൻ.

സന്തോഷത്തിലാറാടി നിൽക്കവേ,
സൂര്യരശ്മിതൻ ചൂടെന്നിൽഏറിവര
ഞാൻ മെല്ലെ മെല്ലെ അലിഞ്ഞില്ലാ-
താകുന്നതെന്നിലൊരു ,
തേങ്ങലായുയർന്നുപോയി.

ഇനിയുള്ള പുലർവേളകളിലും
ഞാനെന്ന മഞ്ഞുതുള്ളി
പുനർജനിക്കാൻ മോഹിച്ചുപോയി.....



സ്നേഹ വി സുദർശൻ

ക്ലാസ് 8 എ

# നവകേരളം എൻെറ ഭാവനയിൽ



എൻ്റെ നാടിനെ അറിയപ്പെടുന്നത് "ദൈവത്തിൻ്റെ സ്വന്തം നാട് എന്നാണ്. എൻെറ നാടിൻെറ ഭാഷമലയാളമാണ്. മാത്രമല്ല എൻ്റെ നാട് പ്രകൃതിരമണീയമായതാണ്. എൻ്റെ നാടായ കേരളത്തെ ഞങ്ങൾ സ്വന്തം അമ്മയെ പോലെ തന്നെ കാണുന്നു. കേരളത്തിൽ ജനിച്ചതിൽ ഞാൻ അഭിമാനിക്കുകയും,സന്തോഷിക്കുകയും ചെയ്യുന്നു.എൻെറ നാട്ടിലെ മനുഷ്യർ മറ്റ് മനുഷ്യർക്ക് മാതൃകയാകുന്നു.

നമുക്ക് സംഭവിച്ച വൻ ദുരന്തം .പ്രളയം എന്ന ആ ദുരന്തത്തിൽ കേരളത്തിലെ മനുഷ്യർ ഒത്തൊരുമയോടും ഒരേ മനസ്സോടും പ്രവർത്തിച്ചത് കൊണ്ടാണ് നമ്മൾ ഇന്നും തല ഉയർത്തി ഇപ്പോഴും ജീവിക്കുന്നത്. "ഒത്തുപിടിച്ചാൽ മലയും പോരും ഒത്തൊരുമിച്ചാൽ നാട് ഉണരും" എന്ന പഴഞ്ചൊൽ നമ്മുടെ അദ്ധ്വാനത്തിനോട് സാദൃശ്യപ്പെടുത്താം .

പ്രളയത്തിൽ കുറേ കുടുംബങ്ങൾക്ക് എല്ലാം നഷ്ടപ്പെട്ടു. ചിലർ നമ്മെ വിട്ടു പിരിഞ്ഞു. അവിടെ എല്ലാം തളർന്നപ്പോൾ നമ്മളെ

സഹായിക്കാൻ എത്തിയ കുറേ ആളുകളുണ്ട്.പ്രത്യേകിച്ച് മത്സ്യത്തൊഴിലാളികൾ.അവരുടെ നല്ല മനസ്സും കരുണയും ഇല്ലായിരുന്നെങ്കിൽ ദൈവത്തിൻെറ സ്വന്തം നാട് എന്ന് അറിയപ്പെടുന്ന നാടിനെ ദുരന്തത്തിന്റെ നാട് എന്നറിയപ്പെട്ടിരുന്നേനെ.അവരുടെ സഹായത്താൽ നമ്മൾ ഇന്നും ജീവിക്കുന്നു.

ഇനി നമുക്ക് ഒരു നവകേരളത്തെ സൃഷ്ടിക്കേണ്ടതായിട്ടുണ്ട്.അതിനായി നമുക്ക് ഒത്തൊരുമയോടെ കൈകോർക്കാം.ക്യാമ്പുകളിൽ പണക്കാരനെന്നോ പാവപ്പെട്ടവനെന്നോ അന്യജാതിക്കാരനെന്നോ സ്വജാതിക്കാരനെന്നോ നോക്കാതെ ഒത്തൊരുമയോടെ പ്രവർത്തിച്ചതുപോലെ ഇനിയും നമുക്ക് ഒരുമിച്ച് നിൽക്കാം.ഒരു ജാതി ഒരു മനുഷ്യൻ എന്ന ചിന്തയിൽ മുന്നേറാം.പണ്ടുകാലത്ത് നിലനിന്നിരുന്ന ജാതിവ്യവസ്ഥ,സതി,ശൈശവവിവാഹം എന്നി ആചാരങ്ങളിൽ നിന്നും സ്വതന്ത്രരായതുപോലെ ഒരു "സ്വതന്ത്രനവകേരളം" സൃഷ്ടിക്കാൻ നമുക്ക് പരിശ്രമിക്കാം.

ഇന്നത്തെ ജനങ്ങൾ മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് റോഡുകളിലും, പുഴയിലും,തോടുകളിലുമാണ്.ഇതിലൂടെ മനുഷ്യർക്ക് മാറാരോഗങ്ങളുണ്ടാകുന്നു.ഇതിൽനിന്ന് മാറ്റമുണ്ടാകേണ്ടത് ആവശ്യമാണ്.അനിനാൽ ഇനി നമുക്ക് ശരിയായരീതിയിൽ മാലിന്യം നിർമാർജ്ജനം ചെയ്ത് ഒരു "മാലിന്യ വിമുക്ത കേരളം" നിർമ്മിക്കാൻ ശ്രമിക്കാം.

പണ്ടുകാലങ്ങളിൽ മാതാപിതാക്കളേയും അധ്യാപകരേയും

ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്നു.എന്നാൽ ഇന്നത്തെ തലമുറ അവരെ അവഹേളിക്കുകയും തള്ളിക്കളയുകയുമാണ് ചെയ്യുന്നത്.മാതാപിതാക്കളെ വൃദ്ധസദനങ്ങളിൽ കൊണ്ടാക്കുന്ന ഒരുപാട് മക്കളുണ്ട്.അതിനാൽ നവകേരളം സൃഷ്ടിക്കുമ്പോൾ അവരെ സംരക്ഷിക്കാനും അവർക്ക് പുതിയ ജീവിതം നൽകാനും നമുക്ക് ശ്രമിക്കാം.അങ്ങനെ "മുതിർന്നവരെ വന്ദിക്കുന്ന നവകേരളം" സൃഷ്ടിക്കാൻ നമുക്ക് ഒത്തൊരുമിക്കാം.

ഇങ്ങനെ എല്ലാ നാടുകളിലുമുള്ളവർക്ക് മാതൃകയായ കേരളം സൃഷ്ടിക്കാൻ നമുക്ക് ഒത്തൊരുമയോടെ നിൽക്കാം.

മുഹസിന.എൻ

ക്ലാസ് 9 എ



# കുട്ടികളുടെ അവകാശങ്ങൾ



## ആരാണ് കുട്ടി?

കുട്ടികളുടെ അവകാശങ്ങളെ കുറിച്ച് ചർച്ച ചെയ്യുമ്പോൾ ആരാണ് കുട്ടി എന്ന് മനസ്സിലാക്കേണ്ടതുണ്ട്.പല നിയമങ്ങളിലും കുട്ടിയുടെ പ്രായം വ്യത്യസ്തമായ രീതിയിൽ നിർവഹിച്ചിട്ടുണ്ടെങ്കിലും 1989 ൽ ഐക്യരാഷ്ട്രസഭ രൂപീകരിച്ചിട്ടുള്ള കുട്ടികളുടെ അവകാശ ഉടമ്പടിയിൽ 18 വയസ്സിന് താഴെയുള്ള എല്ലാവരെയും കുട്ടിയായിട്ടാണ് നിർവചിച്ചിരിക്കുന്നത്

## കുട്ടികളുടെ പ്രധാന അവകാശങ്ങൾ

സുരക്ഷിത ബാല്യത്തിന് ഓരോ രാജ്യവും ഉറപ്പുവരുത്തേണ്ട അവകാശങ്ങളെക്കുറിച്ച് കുട്ടികളുടെ സാർവ്വ ലൗകിക അവകാശ ഉടമ്പടി


വ്യക്തമാക്കുന്നു.പ്രധാനമായും 4 അവകാശങ്ങളാണ് അവ. 1.അതിജീവനം 2.ഉന്നമനം 3.സംരക്ഷണം

4.പങ്കാളിത്തം.1992 ൽ ഭാരതം ഈ ഉടമ്പടി അംഗീകരിച്ചതിനാൽ ഈ അവകാശങ്ങൾ ലഭ്യമാക്കാൻ രാജ്യം പ്രതിജ്ഞാബദ്ധമാണ്.

## 1. അതിജീവനം

ജീവിക്കാനുള്ള അവകാശം,മികച്ച പോഷകാഹാരത്തിനുള്ള അവകാശം,വളർച്ചയ്ക്കാവശ്യമായ ജീവിതസാഹചര്യങ്ങൾ ലഭ്യമാക്കുവാനുള്ള അവകാശം,ആരോഗ്യകരമായ ജീവിതം നയിക്കുന്നതിനുള്ള അവകാശം, തനിമയ്ക്കും ദേശീയതയ്ക്കുമുള്ള അവകാശം എന്നിവയാണ് ഈ ഭാഗം പ്രധാനമായും ഉൾക്കൊള്ളുന്നത്.

## 2.ഉന്നമനത്തിനുള്ള അവകാശം




വിദ്യാഭ്യാസം, സാമൂഹ്യസുരക്ഷ,പരിചരണം ,വികാസം ,വിശ്രമം,വിനോദം,സാംസ്കാരിക പ്രവർത്തനങ്ങളിൽ പങ്കെടുക്കുക തുടങ്ങിയ അവകാശങ്ങളാണ് ഉന്നമന അവകാശത്തിൽ പ്രതിപാദിക്കുന്നത്.

## 3. സംരക്ഷണ അവകാശം

ഇക്കാലത്ത് ഏറെ ചർച്ചചെയ്യപ്പെടുന്ന ഈ അവകാശത്തിന്റെ പരിധിയിൽ പ്രധാനമായും ചൂഷണം,ദുരുപയോഗം,അവഗണന,മനുഷ്യത്വരഹിതമായ

പെരുമാറ്റം,യുദ്ധം,അടിയന്തിരാവസ്ഥ തുടങ്ങിയവയിൽ നിന്നുള്ള സംരക്ഷണം എന്നിവയെപ്പറ്റി സൂചിപ്പിക്കുന്നു.

## 4. പങ്കാളിത്ത അവകാശം

കുട്ടികൾക്ക് അവരുടെ അഭിപ്രായപ്രകടനത്തിനുള്ള

സ്വാതന്ത്ര്യം,അവർക്ക് ആവശ്യമുള്ള അറിവ് ലഭ്യമാക്കുക,അവരുടെ കാഴ്ചപ്പാടുകളെ വേണ്ട രീതിയിൽ പരിഗണിക്കുക,മതപരമായ കാര്യങ്ങളിൽ സ്വാതന്ത്ര്യം ഉണ്ടാക്കുക തുടങ്ങിയ ആവശ്യങ്ങളെക്കുറിച്ച് വിവരിക്കുന്നു.

സിജു ബെൻ
ജില്ലാ ശിശു സംരക്ഷണ
ഓഫീസർ,കൊല്ലം
(പൂർവ്വ വിദ്യാർത്ഥി)



# അമ്മ



മഞ്ചാടിക്കുന്നിൻെറ താഴ്വരയിലാണ് അമ്മുവിൻെറ വീട് . അവിടെ ആകെ രണ്ടോ മൂന്നോ വീടുകളെയുള്ളൂ . അവിടെ നിന്ന് രണ്ട് കിലോമീറ്റർ നടന്നെങ്കിൽ മാത്രമെ പട്ടണത്തിൽ എത്താൻ പറ്റുകയുള്ളൂ. ആ പട്ടണത്തിൽ തന്നെയുള്ള ഒരു സർക്കാർ സ്കൂളിലാണ് അവൾ പഠിക്കുന്നത്. അവൾക്ക് അമ്മ ഇല്ല.അവൾ ജനിച്ചപ്പോഴെ അവളുടെ അമ്മ മരിച്ചു. അവളുടെ അമ്മ മരിച്ചതോടെ അവളുടെ അച്ഛൻ ഒരു ഭ്രാന്തനെപ്പോലെയായി മാറി. പിന്നെ അവൾക്ക് ആകെ ആശ്രയം അവളുടെ മുത്തശ്ശിയാണ്. എന്നാൽ ആ മുത്തശ്ശിയും കുറച്ച് വർഷങ്ങൾക്ക് ശേഷംമരിച്ച പോയി.അവൾ ഇപ്പോൾ ഏതാണ്ട് ഒറ്റപ്പെട്ട അവസ്ഥയിലാണ്.

സ്കൂളിലെ കുട്ടികൾ അമ്മയുണ്ടാക്കുന്ന ഭക്ഷണം കൊണ്ടുവന്ന് സ്വാദോടെ കഴിക്കുമ്പോൾ അവളുടെ കണ്ണ് നിറയുമായിരുന്നു . അവൾക്ക് അതിനുള്ള ഭാഗ്യം ഇല്ല എന്ന് കരുതി അവൾ സമാധാനിക്കും .അവളുടെ വീടിനടുത്ത് വീട് കുറവായതിനാൽ കുട്ടികളുമായി കളിക്കാൻ കഴിയില്ല . അവൾ വല്ലപ്പോഴും അപ്പുറത്തെ അമ്മായിയുടെ വീട്ടിൽ പോകും . അമ്മായിക്ക് മക്കളില്ല . അതിനാൽ അവർക്ക് അമ്മുവിനെ വളരെ ഇഷ്ടമാണ് . അവൾ എന്നും ഒരു കാവിൽ പോയി പ്രാർത്ഥിക്കും. അവൾക്ക് ഈശ്വരനെ വലിയ വിശ്വാസമാണ്. അവൾ എന്നും ഈശ്വരനോട്

ചോദിക്കും എന്തിനാണ് തന്റെ അമ്മയെ ഇത്ര നേരത്തെ വിളിച്ചതെന്ന് .

അങ്ങനെ നാളുകൾ കഴിഞ്ഞു . അവൾക്ക് പട്ടണത്തിൽ ജോലി കിട്ടി . അപ്പോഴാണ് അവൾ പട്ടണം ഒന്ന് ശരിക്ക് കാണുന്നത്. അവൾക്ക് ശമ്പളം കിട്ടി. അവൾ ഒരു സാരി വാങ്ങി അമ്മയുടെ ചിത്രത്തിന് മുന്നിൽ വച്ചു. പിന്നെ അവൾ പട്ടണം കാണാൻ ഇറങ്ങി. അവൾ നടന്ന് ക്ഷീണിച്ചപ്പോൾ ഒരു വൃദ്ധസദനത്തിന് മുന്നിലെ മരച്ചുവട്ടിൽ ഇരുന്നു. പെട്ടെന്ന് ആൽമരച്ചുവട്ടിൽ നിന്ന് ഒരു അമ്മയുടെ ദയനീയമായ കരച്ചിൽ കേട്ടു.അവളുടെ കണ്ണ് നിറഞ്ഞു. ഒരു മകൻ തന്റെ അമ്മയെ മണ്ണിൽക്കൂടി വലിച്ചിഴച്ച് ആ വൃദ്ധസദനത്തിന്റെ വരാന്തയിൽ കൊണ്ടിരുത്തി. അവൾ പൊട്ടിക്കരയാൻ തുടങ്ങി.ഏറെ നേരത്തിന് ശേഷമാണ് അവൾ കരച്ചിൽ നിർത്തിയത്. അമ്മയില്ലാത്തതിന്റെ വേദനകളും വിഷമങ്ങളും അവൾക്ക് അറിയാമായിരുന്നു.അമ്മമാരെ വിഷമിപ്പിക്കുന്ന മക്കൾക്ക് പാപം കിട്ടുമെന്ന് പറഞ്ഞ് അവൾ അവളുടെ മനസ്സിനെ ആശ്വസിപ്പിച്ചു.



സരിഗ.എസ്

ക്ലാസ് 9 എ

# കേരളഗാനം



കേരളമാണെൻെറനാട്.
കേളികൊട്ടുയരുന്ന നാട്.
ജലമായ് പിറന്ന നാട്.
എൻ ദാഹം ശമിപ്പിക്കും നാട്.
നാടകം ഉണ്ടെൻെറ നാട്ടിൽ.
പെറ്റമ്മയായ് പിറന്ന നാട്.
എന്നെ തലോടുന്ന എൻ നാട്.
എൻ ജീവനാണെൻെറ നാട്.
എൻ ശ്വാസമാണെൻെറ നാട്.
എൻ സ്നേഹമാണെൻെറ നാട്.
ഒരുമയോടെ കാണുന്നതാണെൻെറ നാട്.
കാൽത്തളയും ചിലമ്പുമണിയുന്ന കേരളം.
കണ്ണാടിയും കൺമഷിയുമാണെൻെറ നാട്.
കേരളഗാനം ഉയരുന്ന നാട്ടിൽ
കളരിപ്പയറ്റുമായി വന്നു വിദ്വാൻ.
കേരളമാണെൻെറ നാട്.
കേളികൊട്ടുയരുന്ന നാട്.



ശ്രീലക്ഷ്മി കെ

ക്ലാസ് 7 ബി

# മഴത്തുള്ളി



കാണാൻ ചെറുത്, സുന്ദരം
തളിർ ഇലയുടെ തുമ്പിൽ
തൂങ്ങിനിൽക്കുംതുള്ളീ,
നിൻെറ ഉള്ളിലുണ്ടൊരു മഴവിൽ
ഏഴു നിറമുള്ള മഴവിൽ.
സൂര്യൻെറ അനുഗ്രഹം പതിച്ചാൽ
നീ തിളങ്ങും
അപ്പോൾ നിന്നിൽഒളിഞ്ഞിരിക്കുന്ന നന്മ-
യെന്ന മഴവിൽ എനിക്ക് കാണാം.
എവിടെ നിന്നൊരു കാറ്റാഞ്ഞ് വീശിപ്പോയി,
തൂങ്ങിനിന്ന തുള്ളി താഴെ വീണു.



ഹിമ.എസ്.പ്രമോദ്
ക്ലാസ് 9 എ

# നവരാഗചിത്രം

**ഗ്രാമപ്രദേശത്തെ ഒരു വിദ്യാലയം**
**വിദ്യാലയത്തിന്റെ മുറ്റത്ത് മരച്ചുവട്ടിൽ അധ്യാപകനും വിദ്യാർത്ഥികളും.**

**വിദ്യാർത്ഥികൾ - നമസ്കാരം സർ**
**അധ്യാപകൻ - നമസ്കാരം,എല്ലാവരും ഇരിക്കുക.ഇന്നത്തെ നമ്മുടെ ക്ലാസ്മുറി എങ്ങനെയുണ്ട്? എല്ലാവർക്കും ഇഷ്ടപ്പെട്ടോ ?**
**വിദ്യാർത്ഥികൾ - ഇഷ്ടപ്പെട്ടു സർ**
**അധ്യാപകൻ - എന്തുകൊണ്ടാണ് ഇഷ്ടപ്പെട്ടത്? ഓരോരുത്തരായി പറഞ്ഞേ.**
**അഖിൽ - ഇവിടെ നല്ല തണൽ ഉണ്ട് സാറേ.**
**അഞ്ജു - ഇവിടെ നല്ല തണുപ്പുണ്ട് സാർ.**
**ദേവു - ഇവിടെ നല്ല കാറ്റുണ്ട്.**
**അധ്യാപകൻ - പ്രകൃതി നമ്മളെ തൊടുന്ന ഒരു സുഖം ഉണ്ട് അല്ലേ?ഈ മരച്ചുവട്ടിലിരുന്ന് നമുക്ക് പ്രകൃതിയെക്കുറിച്ചും അതിന്റെ സൗന്ദര്യത്തെക്കുറിച്ചും അത് നശിപ്പിച്ചാലുണ്ടാകുന്ന പ്രത്യാഘാതങ്ങളെക്കുറിച്ചും എല്ലാം ചർച്ചചെയ്യാം. നോക്കൂ..... നമ്മളെ തഴുകി കടന്നുപോകുന്ന ഈ കാറ്റിനുമില്ലേ അതിന്റേതായ സംഗീതം. എന്താണ് കുട്ടികളെ പരിസ്ഥിതി? എന്താണ് നമ്മൾ സംരക്ഷിക്കേണ്ടത്?**
**അഖിൽ - സാറേ, നമ്മുടെ ചുറ്റുപാടല്ലേ നമ്മുടെ പരിസ്ഥിതി.**
**അഞ്ജു - നമ്മുടെ പുഴകൾ,മരങ്ങൾ,മലകൾ,വായു,മണ്ണ്**

എന്നിവയെല്ലാം നമ്മൾ സംരക്ഷിക്കണം.

അധ്യാപകൻ - അതെ, നമ്മൾ നമ്മുടെ ഭൂമിയെ സംരക്ഷിക്കണം. നിങ്ങൾ കേട്ടിട്ടില്ലേ ഒ.എൻ.വി.യൂടെവരികൾ,



" ഇനിയും മരിക്കാത്ത ഭൂമി
നിന്നാസന്ന-
മൃതിയിൽ നിനക്കാത്മശാന്തി!
ഇതു
നിന്റെ(എന്റെയും)ചരമശുശ്രൂഷയ്ക്ക്
ഹൃദയത്തിലിന്നേ കുറിച്ച ഗീതം".

ഭൂമിയെ നമ്മൾ ചൂഷണം ചെയ്യുന്നതിന്റെ പതിൻ മടങ്ങ് ശക്തിയിൽ ഭൂമി മനുഷ്യന് അതിന്റെ പ്രതിഫലം നൽകും.പുഴകൾ ഒഴുകും വഴി നമ്മൾ തടസപ്പെടുത്തിയിട്ടും പുഴ അതിന്റെ യാഥാർഥ വഴി തേടിവന്നു. അതിന്റെ ദുരിതചിത്രം ഇന്നും മനസ്സിൽ നിന്നും മായിച്ചു കളയാൻ കഴിയുന്നില്ല.

ദേവു - സാർ അങ്ങനെയെങ്കിൽ ഞാൻ ഒരു കവിത ചൊല്ലട്ടേ?

അധ്യാപകൻ - ശരി. ചൊല്ലൂ കേൾക്കട്ടെ ?

ദേവു - "മഞ്ഞുതുള്ളികൾ പ്രഭചൊരിഞ്ഞു
പുൽക്കൊടിത്തുമ്പിന്റെ ചൈതന്യമായ്
തൂമഞ്ഞിൽ സൂര്യപ്രകാശത്തിൽ ജ്വലിച്ച നിന്നു
പമ്പതൻ നിറവിന്റെ സൗന്ദര്യമായ്".

അധ്യാപകൻ - ഇതാരെഴുതിയതാരാണ്?

ദേവു - സാറേ, ഞാൻ തന്നെ എഴുതി ഈണമിട്ടതാണ്.

അധ്യാപകൻ - കൊള്ളാം. നിനക്കിങ്ങനെ എഴുതാൻ തോന്നിയല്ലോ,വളരെ നന്നായിട്ടുണ്ട്.

ദേവു - (കരയുന്നു) ഓഖി ദുരന്തത്തിൽ അന്ന് കടലിൽപ്പോയ എന്റെ അച്ഛൻ തിരികെ വന്നില്ല സാറേ,.......ദിവസങ്ങൾ കഴിഞ്ഞാണ് അച്ഛന്റെ അഴുകി വികൃതമായ ശവശരീരം......

(വീണ്ടും കരയുന്നു)..........



അധ്യാപകൻ - (കുട്ടിയെ ആശ്വസിപ്പിക്കുന്നു) സാരമില്ല മോളെ, ഒരു ദുരന്തം അത് വന്നു ഭവിക്കുന്നവരുടേത് മാത്രമല്ല.മനുഷ്യഹൃദയമുള്ള എല്ലാവർക്കുമാണ് ഏൽക്കുന്നത്. കുട്ടികളെ... പ്രകൃതി ദുരന്തങ്ങൾ ഉണ്ടാകുന്നതിന്റെ കാരണങ്ങൾ നിങ്ങൾക്കറിയാമോ? ദിനംപ്രതി ഉയരുന്ന അംബരചുംബികളായ സൗധങ്ങൾ നിങ്ങൾ കാണുന്നില്ലേ? പ്രകൃതിയുടെ സന്തുലിതാവസ്ഥ നഷ്ടപ്പെടുമ്പോഴും, മനുഷ്യരുടെ വിവേചനരഹിതമായ പ്രവർത്തനംമൂലവും പ്രകൃതി മാതാവിന്റെ ക്ഷോഭം നാം ഏറ്റുവാങ്ങേണ്ടി വരുന്നു.സുന്ദരിയായ പ്രകൃതി,അയാൾ ഒരു നിമിഷം മനുഷ്യന്റെ ക്രൂരതയ്ക്ക് നേരെ മുഖം തിരിച്ചു. ഇതിന്റെ പ്രത്യാഘാതമാണ് മലയാള മണ്ണിലുണ്ടായ ഈ ദുരന്തം.ഇനി ഇങ്ങനെ ഒരു ദുരന്തം ഉണ്ടാകാതിരിക്കട്ടെ എന്ന് നമുക്ക് പ്രാർഥിക്കാം.നമ്മുടെ പ്രവത്തികളും അതിനനുസരിച്ചതാകട്ടെ.

അഖിൽ - സാറേ എനിക്കൊരു കാര്യം പറയാനുണ്ട്. ഈ പറഞ്ഞ വലിയ ദുരന്തം ഉണ്ടായപ്പോൾ എന്റെ വീട്ടിൽ വെള്ളം കയറിയില്ല. എന്റെ വീട്ടിനു ചുറ്റും മരങ്ങളുടെ കൂട്ടമാണ്.അതിൽ ഫലവൃക്ഷങ്ങളുമുണ്ട് സാറേ, പല ജീവികളുടേയും ആവാസസ്ഥലമാണ് ഈ മരങ്ങൾ.വെള്ളപ്പൊക്കക്കെടുതി വിലയിരുത്താൻ വന്നവർ എന്റെ പരിസരം കണ്ട് വളരെയധികം സന്തോഷിച്ചു.ഈ മരങ്ങളെ നിങ്ങൾ സംരക്ഷിക്കണം എന്ന് അവർ പറയുകയും ചെയ്തു.എന്റെ അച്ഛൻ പരിസ്ഥിതി സ്നേഹിയാണ്.അതിന്റെ പ്രവർത്തകനും ഒപ്പം നല്ല ഒരു കർഷകനുമാണ്. അച്ഛന്റെ അധ്വാനത്തിൽ ഞങ്ങളും പങ്കാളികളാണ്.എല്ലാവർക്കും ആവശ്യം പോലെ പഴവർഗങ്ങൾ ലഭിക്കുന്നുണ്ട്. ഞങ്ങൾ മറ്റുള്ളവർക്കു കൊടുക്കുകയും ചെയ്യുന്നുണ്ട്.എന്റെ അച്ഛനൊപ്പം ഞാനും വൃക്ഷത്തൈകൾ നടാറുണ്ട് സാറേ..

അധ്യാ പകൻ - ഈ കുട്ടി നിങ്ങൾക്കൊരു മാതൃകയാണ്. നമുക്കെല്ലാവർക്കും ഈ സ്കൂളിന്റെ പരിസരത്ത് മരങ്ങൾ വച്ചുപിടിപ്പിക്കണം. ഞാനും നിങ്ങളുടെകൂടെ ക്കുടാം.വൃക്ഷസ്നേഹിയായ സുന്ദർലാൽ ബഹുഗുണ എന്ന വലിയ മനുഷ്യൻ നമ്മളിൽക്കൂടി വീണ്ടും ജീവിക്കട്ടെ. മക്കളെ, വയലാറിന്റെ പ്രസിദ്ധമായ "
മലകൾ,പുഴകൾ,പൂവനങ്ങൾ ഭൂമിക്കു കിട്ടിയ സ്ത്രീധനങ്ങൾ....."എന്നു തുടങ്ങുന്ന പാട്ട് ഓർമയുണ്ടോ? മലയേയും ,പുഴയേയും, പൂവനങ്ങളേയും എല്ലാം സംരക്ഷിക്കാൻ നമുക്ക് ബാധ്യതയില്ലേ?.... ഇനി ഒരു ദുരന്തം ഏറ്റുവാങ്ങാതെ നമുക്ക് ഇവയെല്ലാം സംരക്ഷിക്കാം. അതുകൊണ്ട് എന്റെ പ്രീയപ്പെട്ട വിദ്യാർഥികളെ,

നമുക്കൊരു പ്രതിജ്ഞ എടുക്കാം.ഹൃദയത്തിൽ തട്ടി ഒരു പ്രതിജ്ഞ.
(കുട്ടികൾ ഏറ്റുപറയുന്നു.)
കുട്ടികൾ - "ഞാൻ പ്രകൃതിയെ സംരക്ഷിക്കും,പ്രകൃതിയുടെ സന്തുലിതാവസ്ഥയ്ക്കു കോട്ടം തട്ടാതെ സംരക്ഷിക്കും, സർവചരാചരങ്ങളും ഭൂമിയുടെ അവകാശികളാണ്.
അവയുടെ നിലനിൽപ്പിനായി ഞാൻ പ്രവർത്തിക്കും.
വനങ്ങളും,പുഴകളും, മലകളും,വായുവും മണ്ണും മലിനമാകാതെ സൂക്ഷിക്കും."
ഇനിയും ഒരു പ്രകൃതി ദുരന്തം നാം ക്ഷണിച്ചു വരുത്തരുത്.
അതിനു വേണ്ടി നമുക്ക് പ്രകൃതിയോടിണങ്ങി ജീവിക്കാം.
ഇനി വരുന്നൊരു തലമുറയ്ക്കു വേണ്ടി സസ്യശ്യാമളമായ ഭൂമി നമക്ക്
കൈമാറാം.
ഇനി ഒരു ദുരന്തം വേണ്ടേ ,വേണ്ട.............
അതിനു വേണ്ടി നമുക്ക് ഒരു' നവരാഗചിത്രം രചിക്കാം'.
" ഇനി വരുന്നൊരു തലമുറയ്ക്ക് ഇവിടെ വാസം സാധ്യമോ".
(പശ്ചാത്തലത്തിൽ )



കോമളവല്ലി എസ്
എച്ച്.എസ്.റ്റി

# അമ്മ



അമ്മേ! നിൻ മുഖം ചന്ദ്രനെക്കാൾ തിളങ്ങുന്നു.
അമ്മേ നിൻ അഴഞ്ഞുവീണ കേശത്തിന്
അന്ധകാരത്തേക്കാൾ കറുപ്പ്.
എന്തേ അമ്മേ! നിൻ പല്ലുകൾക്ക്
നക്ഷത്ര തിളക്കം?
എന്തേ അമ്മേ! നിൻ നിറം സൂര്യരശ്മിപോൽ?
എന്തേ അമ്മേ! നിൻ ചുണ്ടുകൾക്ക് കുങ്കുമപ്പൂനിറം?
എന്തേ അമ്മേ! നിൻ നഖത്തിൻെറ നിറം
താമരത്താളുപോൽ?
എന്തേ അമ്മേ! നിൻ സ്വരമിത്ര മധുപോൽ?
എന്തേ അമ്മേ! നിൻ ശബ്ദത്തിനിത്ര മൃദുലത?
എന്തേ അമ്മേ! നിൻ നയനം മിന്നാമിനുങ്ങുപോൽ?
എന്തേ അമ്മേ! നിൻ മൂക്കൂത്തിക്ക് രത്നതിളക്കം?
എന്തേ അമ്മേ! നിനക്ക് ഇത്ര സൗന്ദര്യം?



ഹിമ.എസ്.പ്രമോദ്
ക്ലാസ് 9 എ

# ചിത്രകലയുടെ വിസ്മയം



(പ്രശസ്ത ചിത്രകാരനും ഞങ്ങളുടെ സ്കൂളിലെ മുൻ ചിത്രകലാ അധ്യാപകനുമായ ശ്രീ ജ്യോതിലാൽ സാറുമായി ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ നടത്തിയ അഭിമുഖത്തിൽ നിന്ന്)

**റിയാസ് ഖാൻ** : ആരാണ് കലാകാരൻ?

**ജ്യോതിലാൽ സർ** : അമൂർത്തമായ ഒരാശയത്തിൽ നിന്ന് മൂർത്തതയുടെ ഏറ്റവും വലിയ പര്യായംതീർക്കുന്നയാളാണ് കലാകാരൻ.ഉദാഹരണമായി വീണപൂവ് എന്നൊരു കവിത ഉണ്ടായതെങ്ങനെ എന്ന് ചോദിച്ചാൽ, പാലക്കാട് കുമാരനാശാൻ താമസിക്കുന്ന സ്ഥലത്ത് ഒരു ക്ഷേത്രമുണ്ടായിരുന്നു. അദ്ദഹം രാവിലെയും വൈകുന്നേരവും ക്ഷേത്രത്തിൽ പോകും. രാവിലെ പോകുമ്പോൾ അമ്പലപരിസരത്ത് പൂവിട്ടു നിൽക്കുന്ന ചെടികൾ കാണുകയും,ആ പൂവിന്റെ നിറവും സൗന്ദര്യവും അദ്ദേഹത്തെ ആകർഷിക്കുകയും ചെയ്തു. വൈകുന്നേരമാകുമ്പോൾ അതെല്ലാം വാടിനിൽക്കും. പിറ്റേദിവസം വരുമ്പോൾ പൂവ് താഴെ കിടക്കുന്നതാണ് കാണുന്നത്. ആ ദൃശ്യത്തിൽ നിന്നാണ് കുമാരനാശാന് വീണപൂവ് എന്ന കവിത എഴുതുന്നതിന് പ്രചോദനം ലഭിച്ചത്.യഥാർത്ഥത്തിൽ വീണപൂവ് എന്ന കവിതയിൽ കൂടി അന്ന് നിലനിന്നിരുന്ന ജാതിവ്യവസ്ഥയെ കുറിച്ചാണ് അദ്ദേഹം ചർച്ച ചെയ്തത്.പ്രകൃതി അനുദിനം

മാറുകയാണ്.മനുഷ്യനും മാറിക്കൊണ്ടിരിക്കുകയാണ്.അതായത് മൂർത്തമായി യാതൊന്നുമില്ല.അമൂർത്തതയിലാണ് മൂർത്തതയുടെ സൗന്ദര്യം.ഒരു തിരി കത്തിച്ച് മറ്റുള്ളവർക്ക് പകർന്ന് കൊടുക്കുന്നതുപോലെ അറിവ് മറ്റുള്ളവരിലേക്ക് പകർന്ന് കൊടുക്കുന്നവരാണ് കലാകാരന്മാർ.



സ്വാലിഹത്ത് : ഒരു നല്ല ചിത്രകാരൻ /ചിത്രകാരി ആകുന്നതിന് നാം എന്തെല്ലാം കാര്യങ്ങൾ അറിഞ്ഞിരിക്കണം?

ജ്യോതിലാൽ സർ : ചിത്രകാരൻ/ചിത്രകാരി എന്നത് ഒരാളേയുള്ളൂ.അതിൽ നല്ലത് ചീത്ത എന്നുമില്ല.വേഷംകെട്ടിയാൽ ആടാൻ അറിയണം.അതൊരു പ്രധാനപ്പെട്ട ഒന്നാണ്. ഇവിടെ നാം കാണുന്ന ഏറ്റവും കൂടുതൽ ആളുകളും വേഷം കെട്ടുകയാണ്. പക്ഷേ യഥാർത്ഥ വേഷം ആടുന്ന വ്യക്തിക്ക് അംഗീകാരങ്ങൾ ലഭിക്കും. എനിക്ക് ഇപ്പോൾ കിട്ടുന്ന സുഖം എന്നതിനെ കുറിച്ചല്ല,അയാളുടെ സുഖം ആത്മസുഖമാണ്.അതുവരെ അദ്ദേഹത്തിന്റെ മനസ്സ് വെന്തു കൊണ്ടിരിക്കുകയാണ്.കുഞ്ചൻ നമ്പ്യാർ തന്റെ മിഴാവോടുകൂടി ആ കാലത്ത് നിലനിന്നിരുന്ന ചീഞ്ഞളിഞ്ഞ

വ്യവസ്ഥിതിയെ ചോദ്യം ചെയ്യുകയായിരുന്നു.പ്രതിഷേധമായിരുന്ന പ്രതികരണം.പിന്നീടത് തുള്ളൽ പ്രസ്ഥാനമായിമാറി.തുഞ്ചന്റെ മിഴാവ് എത്രമാത്രം നമ്മുടെ ഹൃദയത്തിൽ സ്വാദീനിച്ചിരിക്കുന്നു. അമ്പലപ്പുഴ ദേവിയുടെ ക്ഷേത്രത്തിന്റെ മുൻപിൽ നിൽക്കുമ്പോൾ എനിക്കത് വലിയ ദിവ്യഔഷധം പോലെയാണ്. ലോക പ്രശസ്ത ചിത്രകാരനായ "വിൻസന്റ് വാൻ കോ"എന്ന് പറയുന്ന ഒരു ചിത്രകാരൻ,അദ്ദേഹത്തിന് കഷ്ടപ്പാട് കൊണ്ട് പട്ടിണിയാണ്. തന്റെ സഹോദരങ്ങൾ കൊടുക്കുന്ന പൈസ കൊണ്ടാണ് ചിത്രം വരയ്ക്കാനുള്ള സാധനങ്ങൾ വാങ്ങുന്നതും വരയ്ക്കുന്നതും.അദ്ദേഹം വരയ്ക്കുവാൻ വേണ്ടി അതിന്റെ ആശയങ്ങൾ തേടി പണിയെടുക്കുന്ന തൊഴിലാളികളോടൊപ്പം പോയി തൊഴിലാളിയായ് പണിയെടുത്തു. സൂര്യകാന്തി പാടങ്ങൾ,സൂര്യകാന്തി എന്നു പറയുന്ന ചിത്രം വരച്ചത് ആ പാടങ്ങളിൽ പോയി തൊഴിലാളികളോടൊപ്പമുള്ള അനുഭവം തിരിച്ചറിഞ്ഞ് കൊണ്ട് ജോലിചെയ്തതിനാലാണ് .എന്തിന് വേണ്ടി എന്നൊരു ചോദ്യം ഉണ്ട്.അതിന്റെ ഉത്തരമാണ് സൂര്യകാന്തി എന്ന ചിത്രത്തിൽ കൂടി നമ്മുടെ മുന്നിലേക്ക് വിൻസന്റ് വാൻ കോ എത്തിക്കുന്നത്. അതിൽ മൊട്ടുണ്ട്,വിരിഞ്ഞ് വരുന്ന പൂമൊട്ട്,വിരിഞ്ഞ് പൂർണ്ണമായ പൂവുമുണ്ട്,ഇതളുകൾ വാടിയതുകൊണ്ട് ഇതളുകൾ കൊഴിഞ്ഞ് അവസാനം വിത്ത് മാത്രമായ് നിൽക്കുന്നതുണ്ട്. ആ ഫ്ലവർ വെയ്സ് വച്ച്കൊണ്ട് ഒരു മഞ്ഞ ഫ്ലവർ വെയ്സായി അത് വരച്ചു. ഫ്ലവർ വെയ്സ് അപ്പോൾ ചളുങ്ങിയൊക്കെ ഇരിക്കുകയാണ്.നല്ലവണ്ണം വരയ്ക്കാൻ

ഇയാൾക്ക് അറിയത്തില്ലെ ,എന്തിനിങ്ങനെ ചളുക്കിയൊക്കെ വരച്ചു. അപ്പോൾ നമ്മുടെ മുന്നിലേക്ക് വരുന്ന വലിയൊരു ജീവിത ദർശനം എന്നത്,സൂര്യന്റെ ദർശനത്തോടുകൂടി സൂര്യനെ നോക്കി നിൽക്കുന്ന ആ കാന്തിയുള്ള പൂവ്, അതിനൊരു പേര് സൂര്യകാന്തി.അങ്ങനെയെങ്കിൽ അത് വിരിഞ്ഞ് നിൽക്കുമ്പോൾ സൂര്യൻ തിളങ്ങിനിൽക്കുന്നത് പോലെ നമ്മുക്ക് തോന്നുമ്പോഴും അതിങ്ങനെ കൊഴിഞ്ഞ് പോകുമ്പോഴും ഇലകൾ കൊഴിഞ്ഞ് പോകുമ്പോഴും അവസാനം അതിന്റെ വിത്തിലാണ് എല്ലാം സംഭരിച്ചിക്കുന്നത്.ആ വിത്തിൽ നിന്നാണ് സൂര്യകാന്തി എണ്ണ ഉണ്ടാക്കുന്നത്.ആ ഓയിൽ ഫാക്ടറികളിൽ പണിയെടുക്കുന്ന ഒരു തൊഴിലാളിക്ക് ആ സൂര്യകാന്തി പാടങ്ങൾസമ്പത്തിന്റെ ഒരു വലിയ ഘടകമായി മാറുന്നു. ഇതുതന്നെയല്ലേമനുഷ്യ ജീവിതം. നിങ്ങളുടെ ജീവിതം ഇന്നല്ലെങ്കിൽ നാളെ അവസാനിക്കും. ജനിച്ചാൽ ഒരിക്കൽ മരണം. പക്ഷെ കടന്നുപോകുന്നത് അടയാളം ഉണ്ടാക്കി ആകണം. .നമ്മൾ മറ്റുള്ളവർക്ക് അറിവ് പകർന്ന് കൊടുക്കുന്ന വ്യക്തിത്വമായ് കടന്നുപോകണമെന്നാണ് അതിന്റെ ആശയം. അതുവെച്ചിട്ടായിരിക്കാം പിന്നീട് ജി.ശങ്കരക്കുറിപ്പ് സൂര്യകാന്തിയെന്ന് പറയുന്ന കവിത എഴുതിയത്. വയലാറും ഈ ചിത്രം കണ്ടിട്ടുണ്ടാവാം. അതായിരിക്കാം വയലാർ
"സൂര്യകാന്തി.......സൂര്യകാന്തി......"   എന്ന പാട്ട് എഴുതാൻ കാരണം.

അന്നപൂർണേശ്വരി : ചിത്രകലാലോകത്ത് സാറിനുണ്ടായ വെല്ലുവിളികൾ എന്തെല്ലാമാണ്?

ജ്യോതിലാൽ സർ : ചിത്രകലാലോകത്തെന്നല്ല

കലാലോകത്തുതന്നെ എല്ലാവർക്കും വെല്ലുവിളികളുണ്ടാകാറുണ്ട്.പ്രകൃതി എന്നതിന് അമ്മയെന്നും അർഥമുണ്ട്. ഏതൊരു പ്രവർത്തനങ്ങൾക്കും വെല്ലുവിളികളുണ്ടാകും.അതിനെ അതിജീവിക്കുന്ന ഒരു വ്യക്തിക്ക് മാത്രമേ അദ്ദേഹം വിഭാവന ചെയ്യുന്ന ലോകത്തെത്താൻ സാധിക്കുകയുള്ളൂ. മൂല്യത്തെ നിഷേധിക്കാതെ ശാശ്വതമായ സത്യമാണ് നാം കൈകാര്യം ചെയ്യുന്നതെങ്കിൽ അത് കാലത്തെ അതിജീവിക്കുകയും അംഗീകരിക്കപ്പെടുകയും ചെയ്യും.ക്ഷമയാണ് ഏറ്റവും വലിയ മരുന്ന്.എന്റെ പ്രിയ ഗുരുനാഥൻ ശ്രീ കെ.പി.അപ്പൻ സാർ എന്നോട് പറഞ്ഞു"നീ ലോകത്തെ കാണണം,ലോകത്തെക്കുറിച്ച് പഠിക്കണം,നീ ലോകത്തെ ധ്യാനത്തിലിരുന്ന് ആവിഷ്കരിക്കണം.അത് ലോകത്തിനായി തുറന്ന് കൊടുക്കണം.ലോകം നീ ഇരിക്കുന്നിടത്തേക്ക് വരും.ഇത് തന്നെയാണ് ഈ ലോകത്ത് നിന്ന് കടന്ന്പോയിട്ടുള്ള എല്ലാ മഹാന്മാരും പറഞ്ഞിട്ടുള്ളത്. നമ്മുടെ കടമ വിസ്മരിക്കുമ്പോഴാണ് ശാന്തി ലഭിക്കാത്തത്.അവരവർക്ക് ചെയ്യാൻ പറ്റുന്നത് ചെയ്യുക.വെല്ലുവിളികളൊക്കെ മാറിക്കൊള്ളും.

**ഹിമ എസ് പ്രമോദ്** : അങ്ങയുടെ ജീവിതത്തിലെ മറക്കാൻ പറ്റാത്ത അനുഭവങ്ങൾ എന്തെങ്കിലും പറയാമോ?

**ജ്യോതിലാൽ സർ** : എന്റെ സ്വപ്നമായിരുന്ന പിയാത്ത എന്ന ശിൽപ്പം ചെയ്ത മൈക്കലാഞ്ചലോയുടെ ശിൽപ്പങ്ങൾ കാണുകയെന്നത്.അതുപോലെ ഡാവിഞ്ചിയുടെ ശിൽപ്പം കാണണമെന്നും.കാണാൻ പറ്റി.മൊണോലിസയുടെ മുന്നിൽ നിന്ന് ഫോട്ടോയെടുത്തു. അവർ വർഷങ്ങളോളം തട്ടിനുള്ളിൽ താമസിച്ച് മലന്ന് കിടന്നുകൊണ്ട് വരച്ച

ചിത്രമാണ്. കണ്ണിലൊക്കെ പെയിന്റ് വീണിട്ടുണ്ടാകാം.
മൈക്കലാഞ്ചലോയുടെ ആ അധ്വാനം ഞാൻ വിലയിരുത്തി.
ദൈവത്തിന്റെ വിരലൊപ്പുകളാണ് ഇതെല്ലാം.
ഷേക്സ്പിയറിനെ കുറിച്ച് ഞാൻ കുട്ടിക്കാലത്ത്
പഠിച്ചതാണ്. നാലാം ക്ലാസ്സു വരേ പഠിക്കാൻ
പറ്റിയുള്ളൂ.ദാരിദ്ര്യം അനുഭവിക്കേണ്ടിവന്നു.പിന്നെ
അച്ഛന്റെ ഒപ്പം ചേർന്ന് കരകൗശലവിദ്യകൾ
ചെയ്തു.വീടിന്റെ മൂന്ന് പാളി ജനലിനുള്ളിൽ,അത് നേരിട്ട്
ചെന്ന് കണ്ടപ്പോഴാണ് അദ്ദേഹത്തെ പ്രസവിച്ച
മുറിയും,ആഹാരം ഉണ്ടാക്കുന്ന മുറിയും,കച്ചവടം നടത്തിയ
മുറിയും.ലോകത്തിലെ ടാഗോർ തൊട്ട് വലിയ മഹാന്മാർ
വന്നിട്ട് ഒരു കണ്ണാടിയിൽ എഴുതി ഒപ്പിട്ട്
വയ്ക്കുന്നു.അതിന് പുറത്ത് ഇനി ഒപ്പിടാൻ പറ്റില്ല.
പുറത്ത് വേറൊരു കണ്ണാടി വച്ച്മറച്ചിരിക്കുന്നു.ടാഗോറിന്റെ
ഒപ്പ് എവിടാണെന്ന് നോക്കിയിട്ട് ആയിരക്കണക്കിന്
ഒപ്പുകൾക്കിടയിൽ നിന്ന്എനിക്ക് കാണാൻ
സാധിച്ചില്ല, .ഒഴിവ് കിട്ടിയ സമയങ്ങളിലെല്ലാം അദ്ദേഹം
പുസ്തകങ്ങൾ വായിക്കുമായിരുന്നു.ആ
വായനയിലൂടെയാണ് സാഹിത്യ വാസനയിലേക്ക്
വന്നത്.ആ നാടക തിയേറ്റർ കണ്ടു.ഷേക്സ്പിയർ ഇരുന്ന്
എഴുതുന്ന കസേരയുണ്ട്.എന്റെ കൂടെ വന്നവർ
പറഞ്ഞു,മാഷ് ഈ കസേരയിൽ ഇരുന്ന് ആ പേനയെടുത്ത്
എഴുതാൻ.അവർ ആ ഫോട്ടോ എടുത്തു. ആ ഭാഗ്യവും
ഉണ്ടായി.അപ്പോൾ എനിക്ക് പറയാനുള്ളത്
ഇങ്ങനെയൊക്കെയുള്ള വലിയ
അനുഭവങ്ങളുണ്ട്.ലോകത്തിലെ ഏറ്റവും വലിയ
വിപ്ലവകാരികളിൽ ഒരാളായ കമ്യൂണിസ്റ്റ് മാർക്സിസം

രചിച്ച കാറൽമാക്സിനെ അടക്കിയ ശവകുടീരത്തിന്റെ മുൻപിൽ പോയി തൊഴുതിട്ട് നിൽക്കുവാൻ കഴിഞ്ഞു.എനിക്ക് ഇത് വലിയ ഭാഗ്യമാണ്.ഇനിയും പോകേണ്ട സ്ഥലങ്ങളുണ്ട്.കാണേണ്ട ചിത്രങ്ങൾ ഉണ്ട്. ഇതൊക്കെയാണ് എന്റെ സ്വപ്നം.സ്വപ്നങ്ങൾ ഉണ്ടായിരിക്കണം.അങ്ങനെ സ്വപ്നചിറകുള്ള പക്ഷിയായിരുന്നു നമ്മുടെ രാഷ്ട്രപതിയായി കടന്നുപോയ എ.പി.ജെ അബ്ദുൾകലാം.ലോകത്തിന്റെ അറിവുകളെ പറന്ന് നടന്ന് കണ്ടുപിടിച്ച് അത് മറ്റുള്ളവർക്ക് പകർന്ന് കൊടുക്കാനുള്ള ഒരു ശേഷി കൈവരിച്ച ആളായിരുന്നു കലാം സാർ. ഒ.എൻ.വി.എന്ന മഹാനായ ചേട്ടൻ,എന്നെ പൊന്നാടയണിയിച്ച ചേട്ടൻ,കടന്നു പോയി,അദ്ദേഹത്തിന്റെ ഒരു കവിതയുണ്ടായിരുന്നു. "സ്വസ്തികേ സൂര്യതേ സ്വസ്തി, മറ്റുള്ളവർക്കായ് സ്വയം കത്തിയെരിയുന്ന,സുസ്നേഹമൂർത്തിയാം സൂര്യൻ"അത് ചൊല്ലി ഞാൻ ലണ്ടനിലൂടെയും പാരീസിലൂടെയും,വെനീസിലൂടെയും നടക്കുമ്പോഴും ഞാൻ എന്റെ സൂര്യനെ കണ്ടു.ഞാൻ എന്റെ വീട്ടിൽ വരുമ്പോഴും ഞാൻ എല്ലാ ദിവസവും ശ്രദ്ധിക്കും.ആ സൂര്യന്റെ ചെറു കിരണമായെങ്കിലും കടന്നുപോകണമെന്നാണ് എന്റെ സ്വപ്നം,എന്നു വച്ചാൽ മറ്റുള്ളവർക്കായി സ്വയം കത്തിയെരിയണം.മറ്റുള്ളവരുടെ ഹൃദയങ്ങളിലെ വേദന കണ്ട്, ആ വേദനകളുടെ കണ്ണീരിൽ നമുക്കും ഒരു പങ്കുണ്ട്,ആ കണ്ണീരൊപ്പാൻ നമുക്ക് സാധിക്കണം.ഈ ലോകത്തിൽ ഒരടയാളമിട്ട് കടന്നുപോകുന്നവർ മാത്രമാണ് യഥാർത്ഥത്തിൽ ജീവിക്കുന്നത്.ഇപ്പോൾ ഞാൻ

ജീവിക്കുകയാണ്,കാരണംഞാൻ  നിങ്ങളിലേക്ക് അറിവ് പകർന്നുകൊണ്ടിരിക്കുകയാണ്.ഇങ്ങനെ നമ്മുടെ പഞ്ചേന്ദ്രിയങ്ങളെ അതിന് വേണ്ടിയുള്ള  പോഷകാംശങ്ങൾ കൊടുത്ത് ആ അഞ്ച് ഇന്ദ്രിയങ്ങളെ ഉണർത്തിക്കഴിഞ്ഞാൽ നിങ്ങൾ വലിയ മനുഷ്യനാകും.ആറാംഇന്ദ്രിയം ഉണർത്തിയാലോ നിങ്ങൾ അമാനുഷികനാകും.അപ്പോൾ ആ അഞ്ചാം ഇന്ദ്രിയമെങ്കിലും അതിനനുസരിച്ച് പ്രവർത്തിപ്പിക്കാനുള്ള ഒരു ത്വര,തൃഷ്ണ നമുക്ക് ഉണ്ടാകണം.

അന്നപൂർണേശ്വരി : ചിത്രകലാലോകത്തേക്ക് അങ്ങ് കടന്നു വരാനുണ്ടായസാഹചര്യം എന്തായിരുന്നു?

ജ്യോതിലാൽ സർ : എന്റെ അച്ഛന് എന്റെ കലയോട് എതിർപ്പായിരുന്നു.വീട്ടിൽ അച്ഛൻ എന്റെ സ്കെച്ചുകളെല്ലാം മണ്ണിൽ കുഴിച്ചിടുമായിരുന്നു.അദ്ദേഹം എന്നെ ഒരുപാട് ശിക്ഷിച്ചിരുന്നു.സ്കൂളിൽ ഹിന്ദി പഠിപ്പിക്കുമ്പോൾ വേഗത്തിൽ എഴുതാൻ എനിക്ക് സാധിച്ചില്ല. ആ സമയം ഞാൻ ബുക്കിൽ പടം വരയ്ക്കും.അതുകണ്ട് അടുത്തിരുന്ന കുട്ടികൾ പൊട്ടിച്ചിരിക്കും. ഇത്കണ്ട ടീച്ചർ അവരെ അടിച്ചു.എനിക്കും അടിതന്നു.അപ്പോൾ ഞങ്ങളെ പഠിപ്പിക്കുന്ന മറ്റൊരുസാർ വന്നു. എന്നോട്



എന്ത്പറ്റിയെന്ന് ചോദിച്ചു.അപ്പോൾ ഞാൻ കാര്യം പറഞ്ഞു.എന്നെയുംകൂട്ടി സാർ ടീച്ചറിനടുത്തേക്ക് പോയി.ഞാൻ നല്ലതായി പടം

വരയ്ക്കുമെന്ന് സാർ ടീച്ചറിനോട് പറഞ്ഞു.ടീച്ചർക്ക് എന്നെ അടിച്ചതിൽ വിഷമം തോന്നി. അന്ന മുതൽ എനിക്ക് വാശിയായി.പിന്നീടൊരിക്കൽ മലയാളം സാർ വന്ന് നിങ്ങൾക്ക് ആരാകണമെന്ന് ചോദിച്ചു. ഞാൻ എഴുതിയത് ലോകം അറിയുന്ന ഒരുചിത്രകാരനാകണമെന്നാണ്. ഏറ്റവും നല്ല രീതിയിൽ എഴുതിയതിന് എനിക്ക് ഒരു പേന സമ്മാനമായി കിട്ടി. നൂറായിരംഅടിയേക്കാൾ മൂല്യമുണ്ട് ആ ഒരു സമ്മാനത്തിന്.അന്ന് മുതൽ ഞാൻ ചിത്രകലാ ലോകത്തേക്ക് കടന്ന് വന്നു. പിന്നീട് അതിൽ നിന്ന് പിന്മാറിയിട്ടില്ല. ഫൈൻ ആർട്സ് കോളേജിൽ പഠിക്കുമ്പോഴും ഏറ്റവും നല്ല അധ്യാപകനെ കണ്ടെത്തി അദ്ദേഹത്തോടൊപ്പം കൂട്ടുകാരനെപ്പോലെ നടന്ന് ഞാൻ പഠിക്കാൻ ശ്രമിച്ചു.
കാണുന്നതെല്ലാം വരയ്ക്കും. പക്ഷേ
പിന്നീട് ഞാനെന്റെ കലയിൽ കൂടി തന്നെ എന്റെ അച്ഛനെ മാറ്റിയെടുത്തു.

മുഹസിന : ഡിജിറ്റൽ പെയിന്റിങ്ങിനെ കുറിച്ച് സാറിന്റെ അഭിപ്രായം എന്താണ്?

ജ്യോതിലാൽ സർ : ഡിജിറ്റൽ പെയിന്റിങ്ങ് ഉണ്ടായ കാലം നമുക്കറിയാം .കമ്പ്യൂട്ടർ ആപ്ലിക്കേഷൻ വരുകയും അതിന് പുതിയൊരു സോഫ്റ്റ്‌വെയർ സൃഷ്ടിച്ചതുകൊണ്ടാണ് ഡിജിറ്റൽ പെയിന്റിങ്ങ് സാധ്യമായത്.
അതൊരു ഇൻസ്ട്രുമെൻറലായിട്ടുള്ള കാര്യമാണ് .അത് കൈകാര്യം ചെയ്യുവാനുള്ള പ്രാപ്തി ആവശ്യമാണ്.പക്ഷേ ഇത് കൈകാര്യം ചെയ്യുന്ന വ്യക്തി ഡ്രോയിങ്ങ് അറിഞ്ഞിരിക്കണം.വരയുടെ ശാസ്ത്രം അറിയാവുന്ന ഒരാൾക്ക് മാത്രമേ നല്ല രീതിയിൽ ഡിജിറ്റൽ

പെയിന്റിങ്ങിലേക്ക് കടക്കാൻ സാധിക്കൂ.കൂടാതെ ഡിജിറ്റൽ പെയിന്റിങ്ങിൽ താത്പര്യമുള്ള ആളായിരിക്കണം.കാരണം നാം ചെയ്യുന്ന ചിത്രത്തിലൂടെ തന്നെ ഒരു ഇമേജിനെ അതിലൂടെ സൃഷ്ടിക്കാം.ഡിജിറ്റലൈസേഷൻ എന്ന് പറയുമ്പോൾ നമ്മൾ കമ്പ്യൂട്ടറിൽ ചെയ്യുമ്പോൾ അത് കമ്പ്യൂട്ടറിന്റെ ടെക്നിക്ക് വഴി ചെയ്താൽ അത് ആർട്ടിഫിഷലായി മാറും.പക്ഷേ അതിൽ തന്നെ പുതിയ സാധ്യതകൾ കണ്ടെത്തുമ്പോഴാണ് വലിയൊരു ആശയമായി മാറുന്നത്. അപ്പോൾ ശാസ്ത്രഗവേഷണം നമ്മുടെ ഉള്ളിൽ
നടക്കും.

സ്വാലിഹത്ത് : ഒരു ചിത്രം എങ്ങനെയാണ് ചിത്രംകാണാതെ വരയ്ക്കുന്നത്?

ജ്യോതിലാൽ സർ :ഓരോരുത്തരിലും ചില ഇഷ്ടങ്ങളുണ്ട്.അവർ കാണുന്ന ദൃശ്യങ്ങളെ തന്റെ ഭാവനയിലേക്ക് കൊണ്ടുവരുമ്പോഴാണ് ചിത്രകല നടക്കുന്നത്.ഒരിക്കൽ കുഞ്ഞുണ്ണിമാഷ് കാണാതെ ഞാൻ അദ്ദേഹത്തെ വരക്കുകയായിരുന്നു. അപ്പോൾ കുട്ടികൾ പറഞ്ഞു മാഷിനെ വരക്കുകയാണ്."ഇങ്ങ് കൊണ്ടുവരൂ,കൊള്ളാമല്ലോ.ഇത് ഞാനാണല്ലോ",മാഷ് പറഞ്ഞു.ഞാൻ പറഞ്ഞു"മാഷ് താഴെ ഒരു അഭിപ്രായം എഴുതൂ".അതിപ്പോഴും ഞാൻ സൂക്ഷിച്ച് വെച്ചിട്ടുണ്ട്."ഇത് ഞാനെന്നൊരൊറ്റ വര" മാഷ് എഴുതി.ഇത്രയും ചെറിയ കവിത നിങ്ങൾക്കാർക്കെങ്കിലും കിട്ടിയിട്ടുണ്ടോ? ഏറ്റവും ചെറിയ കവിത കിട്ടിയത് എനിക്കാണ്.ഇനി ഞാനത് പത്രകാർക്ക് കൊടുക്കും.അന്ന് വൈകിട്ട് സുകുമാരഴീക്കോട് ചേട്ടൻ വീട്ടിൽ വന്നു.എന്നോട് വലിയ

ജിവനാ അദ്ദേഹത്തിന്.അദ്ദേഹം നടത്തിയ എല്ലാ പ്രഭാഷണങ്ങളും കേൾക്കുന്ന ആളാണ് ഞാൻ.അപ്പോൾ എന്നെ വരച്ചതാണെന്ന് പറഞ്ഞ് കുഞ്ഞുണ്ണിമാഷ് ചിത്രം കാണിച്ചു.അപ്പോൾ അദ്ദേഹം പറഞ്ഞു"കൊള്ളാമല്ലോ,ജ്യോതി വന്നേ നമ്മുക്കൊരു ഫോട്ടൊ എടുക്കാം".ഇത് ഒരു ചെറിയ കാര്യമല്ല.നമ്മുടെ സമ്പാദ്യമെന്നൊക്കെ പറയുന്നത് ഇതാണ്.വലിയ വലിയ വ്യക്തിത്വങ്ങൾക്കൊപ്പം നമുക്ക് കൂടാൻ കഴിയുക,അവരോടൊപ്പം നിമിഷം പങ്കിടാൻ കഴിയുക,ഇതിനപ്പുറം വേറൊന്നുമില്ല.നമ്മൾ എത്രയൊക്കെ ഉണ്ടാക്കിയാലും അതാണ് ഏറ്റവും വലിയ സമ്പത്ത്.
(ജ്യോതിലാൽ സർ വരച്ച ചിത്രങ്ങൾ കാണിച്ചുതരികയും,ചിത്രങ്ങൾ വരച്ചു കാണിക്കുകയും ചെയ്തു.നല്ല ഒരു അനുഭവമായിരുന്നു.)



# സ്റ്റുഡന്റ് പോലീസ് കേഡറ്റ്



2012 ജൂലൈ മാസത്തിൽ 8-ാം ക്ലാസ്സിലെ 44 കുട്ടികളെ ഉൾക്കൊള്ളിച്ചുകൊണ്ട് നമ്മുടെ സ്കൂളിൽ എസ് . പി . സി പ്രോജക്ട് ആരംഭിച്ചു. തുടർന്നുള്ള ഓരോ വർഷവും ജൂനിയർ 44 , സീനിയർ 44 , ആകെ , 88 കേഡറ്റുകൾക്ക്. സി.പി.ഒ, എ.സി.പി.ഒ, ഡി.ഐ, ഡബ്ല്യു.ഡി.ഐ, എന്നിവർ ചേർന്ന് പരിശീലനം നൽകുകയും, ക്യാമ്പുകൾ സംഘടിപ്പിച്ച്, വിദ്യാർത്ഥികളെ അച്ചടക്കവും, സേവന മനോഭാവവും, സമൂഹത്തിൽ പ്രതിബദ്ധതയും നേടികൊടുക്കാൻ കരുത്തുള്ളവരാക്കാൻ സഹായിക്കുന്നു. തുടർന്ന് സ്കൂളിൽ സംഘടിപ്പിക്കുന്ന ഓരോ പരിപാടികളിലും കേഡറ്റുകളെ അണിനിരത്തി വൻ വിജയവും, മനോഹരവുമാക്കിതീർക്കാൻ എസ്. പി. സിക്ക് കഴിയുന്നു.

സ്കൂളിലെ " ലിറ്റിൽ കൈറ്റ് " പ്രോജക്റ്റും എസ്. പി. സി.യെ പോലെ ദേശീയതലത്തിൽ വളരട്ടെ, അവയുടെ പ്രവർത്തനങ്ങളും ഈ ഡിജിറ്റൽ യുഗത്തിൽ ഉന്നതങ്ങളിലെത്തട്ടെ എന്നും ഹൃദയപുരസ്സരം ആശംസിക്കുന്നു.



വിജയാശംസകളോടെ

എ കെ അർച്ചന
സി.പി.ഒ
(എസ്. പി.സി)

# നന്ദിയുടെ ഒരു വാക്ക്

ഡിജിറ്റൽ മാഗസിൻ തയ്യാറാക്കാൻ ഞങ്ങളെ സഹായിച്ച ബഹുമാനപ്പെട്ട ഹെഡ്മിസ്ട്രസ് ഷീബ ടീച്ചറിനും ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്മാരായ ജയാബെൻ ടീച്ചറിനും കോമളവല്ലി ടീച്ചറിനും എല്ലാ അദ്ധ്യാപകർക്കും,ഞങ്ങൾക്ക് എല്ലാവിധ പ്രോത്സാഹനങ്ങളും നൽകിയ രക്ഷിതാക്കൾക്കും നന്ദിയുടെ പൂച്ചെണ്ടുകൾ..........

